# തിരുവെഴുത്തിലെ സുവിശേഷം

ജോൺസൺ പൂമല

# ആമുഖം

യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്കു കൊടുത്ത പരമപ്രധാനമായ കല്പനയാണ് ആഗോള സുവിശേഷവൽക്കരണം. ഈ ലക്ഷ്യം സാധിക്കുന്നതിനായി, കർത്താവിനെ അനുഗമിക്കുന്നവർ എന്ന് അവകാശപ്പെടുന്നവർ, സാദ്ധ്യമായ സർവ്വമാധ്യമങ്ങളും ഉപയോഗിച്ചു ലോകത്തോടു സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുകയാണ്.

എന്നാൽ ഇന്നു പ്രഘോഷിക്കപ്പെടുന്ന 'സുവിശേഷം' യേശുക്രിസ്തു പഠിപ്പിച്ചതു തന്നെയാണോ? അപ്പൊസ്തലന്മാർ പ്രസംഗിച്ചതു തന്നെയാണോ? തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു തന്നെയാണോ? കർത്താവും തന്റെ അപ്പൊസ്തലന്മാരും പ്രസംഗിച്ച സുവിശേഷത്തിൽനിന്നും ഒരിക്കലും വേർപ്പെടുത്തുവാൻ കഴിയാത്ത മാനസാന്തരം, വിശ്വാസം, യേശുക്രിസ്തുവിന്റെ കർതൃത്വം എന്നീ വിഷയങ്ങൾ അതിൽ അടങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തിരുവെഴുത്ത് ഉദ്ദേശിക്കുന്ന അർത്ഥമാണോ പ്രഘോഷകർ അതിനു കൊടുത്തിരിക്കുന്നത്?

ഈ ചോദ്യങ്ങൾക്ക് ഒരു മറുപടിയായും മാനസാന്തരം, വിശ്വാസം, യേശുക്രിസ്തുവിന്റെ കർതൃത്വം എന്നിവയ്ക്ക് തിരുവെഴുത്ത് ഉദ്ദേശിക്കുന്ന അർത്ഥം വ്യക്തമാക്കുവാനുമാണ് ഈ ചെറുഗ്രന്ഥത്തിലൂടെ ശ്രമിക്കുന്നത്. 'സ്നാനവും വേർപാടും', 'രക്ഷയുടെ നിർണ്ണയം' എന്നീ അദ്ധ്യായങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

യേശുക്രിസ്തുവിലുള്ള നിത്യജീവനായി കാംക്ഷിക്കുന്നവർക്ക് അതു പ്രാപിക്കുവാൻ ഈ ചെറുഗ്രന്ഥം ഒരു മുഖാന്തരമായിത്തീരട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

ക്രിസ്തുവിൽ നിങ്ങളുടെ ആത്മീയ സുഹൃത്ത്,

**ജോൺസൺ പൂമല**

## ഉള്ളടക്കം

അദ്ധ്യായം 1

മാനസാന്തരം....................................................................................5

അദ്ധ്യായം 2

വിശ്വാസം.........................................................................................12

അദ്ധ്യായം 3

യേശുക്രിസ്തുവിന്റെ കർത്തൃത്വം......................................................19

അദ്ധ്യായം 4

സ്നാനവും വേർപാടും......................................................................24

അദ്ധ്യായം 5

രക്ഷയുടെ നിർണ്ണയം.......................................................................28

# അദ്ധ്യായം 1

# മാനസാന്തരം

'മാനസാന്തരം' എന്ന പദം പൊതുവെ സുപരിചിതമാണ്. എന്നാൽ മാനസാന്തരത്തെക്കുറിച്ചു ചില തെറ്റിദ്ധാരണകൾ നിലവിലുണ്ട്. സമൂഹം വെറുക്കുന്ന നീചന്മാർക്കും, ദുഷ്ടന്മാർക്കും, ധാർമ്മികമായി അധഃപതിച്ചവർക്കും മാത്രമേ മാനസാന്തരം ആവശ്യമുള്ളൂ എന്നാണു ചിലർ ധരിച്ചിരിക്കുന്നത്. മാത്രമല്ല, മാനസാന്തരം ആവശ്യമുള്ളവർ എത്രത്തോളം മാനസാന്തരപ്പെടണമെന്നും അവർ തന്നെ പറയാറുണ്ട്. ദുഷ്ടൻ തന്റെ ദുഷ്ടതയെ പരമാവധി നിയന്ത്രിച്ചു മാന്യമായി ജീവിക്കാൻ ശ്രമിക്കണം. അവൻ തന്റെ ശരീരത്തെ നശിപ്പിക്കുന്ന വസ്തുക്കൾ എണ്ണത്തിലും അളവിലും പരമാവധി ചുരുക്കി ക്രമാനുഗതമായി അതെല്ലാം ഉപേക്ഷിക്കാൻ തയ്യാറാവണം. നന്മ ചെയ്‌വാൻ കഴിഞ്ഞില്ലെങ്കിലും ആരെയും ദ്രോഹിക്കാതിരിക്കണം. നോക്കൂ! മാനസാന്തരത്തെക്കുറിച്ചു നമ്മുടെ സമൂഹം അർത്ഥമാക്കുന്നതും ആഗ്രഹിക്കുന്നതും ഇതുപോലെയുള്ള ചില മാറ്റങ്ങളാണ്. എന്നാൽ ഇതിൽ നിന്നും വളരെ വ്യത്യസ്തമായ അർത്ഥമാണു മാനസാന്തരമെന്ന പദംകൊണ്ടു തിരുവെഴുത്ത് ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ള ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ അദ്ധ്യായത്തിലൂടെ ശ്രമിക്കുന്നത്.

## 1. മാനസാന്തരത്തിന്റെ പ്രാധാന്യം

1. *പഴയനിയമ പ്രവാചകന്മാരുടെ പ്രസംഗവിഷയം മാനസാന്തരമായി* രുന്നു. അതുകൊണ്ടാണ് "നിങ്ങൾ പൂർണ്ണഹൃദയത്തോടെ യഹോവയിങ്കലേക്കു തിരിയുന്നുവെങ്കിൽ അന്യദൈവങ്ങളെയും അസ്തോരെത്ത് പ്രതിഷ്ഠകളെയും നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളഞ്ഞ് നിങ്ങളുടെ ഹൃദയങ്ങളെ യഹോവയിങ്കലേക്കു തിരിക്കുകയും അവനെ മാത്രം സേവിക്കുകയും ചെയ്‌വിൻ" എന്നു ശമൂവേൽ പ്രവാചകനും (1 ശമൂവേൽ 7: 3), "ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്കു തിരിയട്ടെ" എന്നു യെശയ്യാപ്രവാചകനും (യെശയ്യാവ് 55:7), "അകൃത്യം നിങ്ങൾക്കു നാശകരമായി ഭവിക്കാതിരിക്കേണ്ടതിനു നിങ്ങൾ മനംതിരിഞ്ഞു നിങ്ങളുടെ അതിക്രമങ്ങളെയും വിട്ടുതിരിവിൻ" എന്നു യെഹെസ്കേൽ പ്രവാചകനും (യെഹെസ്കേൽ 18:30) പറഞ്ഞിരിക്കുന്നത്.
2. *യോഹന്നാൻ സ്നാപകന്റെ പ്രസംഗവിഷയം മാനസാന്തരമായിരുന്നു.* കർത്താവിനു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നും "പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു" എന്നും കാണുന്നു (മത്തായി 3:2; ലൂക്കൊസ് 3:3).

3. *ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും പ്രസംഗവിഷയം മാനസാന്തരമായിരുന്നു.* ദൈവപുത്രനായ യേശു "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 4: 17) എന്നു പ്രസംഗിച്ചതായി കാണുന്നു. അവന്റെ ശിഷ്യന്മാരെക്കുറിച്ചു നാം വായിക്കുന്നത് "അങ്ങനെ അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു" എന്നാണ് (മർക്കൊസ് 6: 12). മാത്രമല്ല യേശു തന്റെ ശിഷ്യന്മാർക്കു കൊടുത്ത അവസാനത്തെ കല്പനയിൽ "ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണം" (ലൂക്കൊസ് 24: 46,47) എന്നു പറഞ്ഞതായും കാണുന്നു.

ചുരുക്കത്തിൽ 'മാനസാന്തരം' പ്രധാനപ്പെട്ട ഒരു വിഷയമാണു ബൈബിളിൽ. അങ്ങനെയെങ്കിൽ മാനസാന്തരത്തിന്റെ ആവശ്യം എന്താണെന്ന് അറിയേണ്ടതുണ്ട്.

## II. മാനസാന്തരത്തിന്റെ ആവശ്യം

1. *പാപമോചനം ലഭിക്കുന്നതിനു മാനസാന്തരം ആവശ്യമാണ്.* യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തെക്കുറിച്ചു നാം വായിക്കുന്നത് "അവൻ യോർദ്ദാനരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു" (ലൂക്കൊസ് 3: 3) എന്നാണ്. "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" (അ.പ്ര. 2: 38) എന്നതുകൊണ്ടു പത്രൊസ് അപ്പൊസ്തലൻ ഉദ്ദേശിക്കുന്നതും ഇതുതന്നെയാണ്. തന്റെ വേറൊരു പ്രസംഗത്തിൽ "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ടുതിരിഞ്ഞു കൊൾവിൻ" (അപ്പൊ. പ്രവൃത്തി 3: 19) എന്നും കാണുന്നു.
2. *രക്ഷിക്കപ്പെടുന്നതിനു മാനസാന്തരം ആവശ്യമാണ്.* ഏതൊരു മനുഷ്യനും നശിക്കുന്നതിനുള്ള കാരണം അവൻ മറ്റുള്ളവരെക്കാൾ പാപിയായിരുന്നിട്ടല്ല. മറിച്ച് മാനസാന്തരപ്പെടായ്കയാലാണ് എന്ന വസ്തുതയാണ് "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും"(ലൂക്കൊസ് 13: 3,5) എന്നതുകൊണ്ടു ക്രിസ്തു ഉദ്ദേശിച്ചത്. നശിക്കാതിരിക്കണമെങ്കിൽ (രക്ഷിക്കപ്പെടണമെങ്കിൽ ) മാനസാന്തരപ്പെടണമെന്നാണ് ഇതിനർത്ഥം.
3. *നിത്യജീവൻ പ്രാപിക്കുന്നതിനു മാനസാന്തരം ആവശ്യമാണ്.* പത്രൊസ് അപ്പൊസ്തലന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ " അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ..." (അ.പ്ര. 11:18) എന്നു യഹൂദമതാനുസാരികൾ പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തിയതായി നാം വായിക്കുന്നു.

മേൽ ഉദ്ധരിച്ച വാക്യങ്ങളുടെ അടിസ്ഥാനത്തിൽ 'പാപമോചനം പ്രാപിക്കുക', 'രക്ഷിക്കപ്പെടുക,' 'ജീവപ്രാപ്തിയുണ്ടാകുക' എന്നീ വാക്കുകളെല്ലാം ആത്മരക്ഷയെക്കുറിക്കുന്നതാണ്.

ചുരുക്കത്തിൽ, ആത്മരക്ഷ പ്രാപിക്കണമെങ്കിൽ മനുഷ്യൻ മാനസാന്തരപ്പെടണം. അങ്ങനെയെങ്കിൽ മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്ന മാനുഷിക ഘടകങ്ങൾ എന്തൊക്കെയാണെന്നു പരിശോധിക്കാം.

## III. മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്ന മാനുഷിക ഘടകങ്ങൾ

1. *ബുദ്ധി:* ഗ്രഹിക്കുവാൻ സഹായിക്കുന്ന ഘടകം. ഒരു വ്യക്തി ദൈവവചനം ശ്രദ്ധിക്കുമ്പോൾ ദൈവത്തോടുള്ള ബന്ധത്തിൽ അവന്റെ നീതിയെയും വിശുദ്ധിയെയും, തന്നോടുള്ള ബന്ധത്തിൽ തന്റെ പാപാവസ്ഥയെയും നിസ്സഹായസ്ഥിതിയെയും കുറിച്ച് ഗ്രഹിക്കുവാൻ ഈ ഘടകം സഹായിക്കുന്നു. അതുകൊണ്ടാണ് നാഥാൻ പ്രവാചകനിലൂടെ വചനം കേട്ടപ്പോൾ ദാവീദ് "എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിനക്ക് അനിഷ്ടമായതു ഞാൻ ചെയ്തിരിക്കുന്നു" (സങ്കീർത്തനം51:3,4) എന്നു പറഞ്ഞത്; ഇവിടെ 'ബുദ്ധി' എന്ന ഘടകം ക്രിയാത്മകമാണ്.
2. *വികാരം:* ഗ്രഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭാവപ്രകടനത്തിനു സഹായിക്കുന്ന ഘടകമാണിത്. ദൈവത്തെക്കുറിച്ചും തന്നെക്കുറിച്ചുമുള്ള നിജസ്ഥിതി ഒരുവൻ ഗ്രഹിക്കുമ്പോൾ സ്വാഭാവികമായും വികാരത്തിന്റെ ലക്ഷണമായ ദുഃഖം ഉണ്ടാകുന്നു. അതുകൊണ്ടാണു വിശുദ്ധ പൗലൊസ് "... ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദുഃഖിച്ചതിനാലത്രേ" എന്നു കൊരിന്ത്യരോടു പറഞ്ഞത് (2 കൊരിന്ത്യർ 7: 9); മാനസാന്തരത്തിൽ ബുദ്ധി എന്ന ഘടകം മാത്രമല്ല വികാരം എന്ന ഘടകവും ക്രിയാത്മകമാണ്.
3. *ഇച്ഛ:* ഗ്രഹിക്കുന്നതിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന ഭാവപ്രകടനത്തോടുള്ള ബന്ധത്തിൽ പ്രതികരിക്കുവാനുള്ള തീരുമാനമെടുക്കുവാൻ സഹായിക്കുന്ന ഘടകമാണിത്. വചനം ശ്രദ്ധിക്കുന്ന ഒരുവൻ തന്റെ യഥാർത്ഥ അവസ്ഥ ഗ്രഹിക്കുകയും തുടർന്നു ദുഃഖമുണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഈ കാര്യമാണ് കാണാതെ പോയ പുത്രനോടുള്ള ബന്ധത്തിൽ "ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു.... നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ എന്നു പറയും" (ലൂക്കൊസ് 15: 18,19) എന്നതിൽനിന്നു ക്രിസ്തു ഉദ്ദേശിച്ചത്.

അതുകൊണ്ടു മാനസാന്തരത്തിൽ വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളായ ബുദ്ധി, വികാരം, ഇച്ഛ എന്നിവ പൂർണ്ണമായും ക്രിയാത്മകമാകുന്നു

എന്നു നാം കാണുന്നു. എങ്കിലും മാനസാന്തരത്തെക്കുറിച്ചു പലർക്കും തെറ്റിദ്ധാരണകളുണ്ട്.

## IV. മാനസാന്തരത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

1. *അനുതപിക്കുക :* പന്തിരുവരിൽ ഒരുവനായ യൂദയെക്കുറിച്ച് "അവനെ ശിക്ഷയ്ക്കു വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദ കണ്ട് അനുതപിച്ചു..." എന്ന് എഴുതിയിരിക്കുന്നു (മത്തായി 27:3). യൂദ അനുതപിച്ചു, പക്ഷേ മാനസാന്തരപ്പെട്ടില്ല. എന്തെന്നാൽ മാനസാന്തരത്തിൽ അനുതാപം അടങ്ങിയിട്ടുണ്ടെങ്കിലും അനുതാപം അതിൽ തന്നെ മാനസാന്തരമല്ല.

2. *പാപിയാണെന്നു സമ്മതിക്കുക :* യേശുവിനെ കാണിച്ചു കൊടുത്ത യൂദ അനുതപിക്കുക മാത്രമല്ല തെറ്റ് ഏറ്റുപറയുകകൂടി ചെയ്തു. അതുകൊണ്ടാണ് "യൂദ അനുതപിച്ചു... ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു" എന്നു പറഞ്ഞത് (മത്തായി 27:3-4). 'ഞാൻ പാപം ചെയ്തു' എന്നു യൂദ ഏറ്റുപറഞ്ഞെങ്കിലും അവൻ മാനസാന്തരപ്പെട്ടില്ല. മാനസാന്തരപ്പെടുന്ന ഏതൊരുവനും താൻ പാപിയാണെന്നു സമ്മതിക്കും. പക്ഷേ പാപിയാണെന്നു സമ്മതിക്കലല്ല മാനസാന്തരം.

3. *പ്രതിവിധി ചെയ്യുക :* യൂദയെക്കുറിച്ചു വീണ്ടും കാണുന്നത് "അവനെ .... കാണിച്ചുകൊടുത്ത യൂദ കണ്ട് അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശു മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കിക്കൊണ്ടുവന്നു" എന്നാണ് (മത്തായി 27:3-5). "അനീതിയുടെ" കൂലിമടക്കികൊണ്ടുവന്നു പ്രതിവിധി ചെയ്തു എങ്കിലും അവൻ മാനസാന്തരപ്പെട്ടില്ല. കാരണം അനുതപിച്ചാലും പാപിയാണെന്നു സമ്മതിച്ചാലും പ്രതിവിധി ചെയ്താലും ഇതെല്ലാം മാനസന്തരത്തിൽ അടങ്ങിയിട്ടുള്ളതാണെങ്കിലും മാനസാന്തരമല്ല.

4. *വിശ്വസിക്കുക :* യേശുവിനെക്കുറിച്ചു ചില വസ്തുതകൾ വിശ്വസിച്ചതുകൊണ്ട് ഒരുവൻ മാനസാന്തരപ്പെടണമെന്നില്ല. ശമര്യയിൽ ആഭിചാരം ചെയ്തുവന്ന ശീമോനെക്കുറിച്ച് "ശീമോൻ താനും വിശ്വസിച്ചു സ്നാനമേറ്റു ഫിലിപ്പോസിനോടു ചേർന്നുനിന്നു" (അ.പ്ര. 8:13) എന്ന് എഴുതിയിരിക്കുന്നു. എന്നാൽ ഈ ശീമോനോടാണു "നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്കുക" (അ.പ്ര. 8:22) എന്നു പത്രൊസ് പറഞ്ഞത്. ശീമോൻ വിശ്വസിച്ചിരുന്നെങ്കിലും മാനസാന്തരപ്പെട്ടിരുന്നില്ല. മാനസാന്തരപ്പെടുന്നവൻ വിശ്വസിക്കുമെങ്കിലും വിശ്വാസം മാനസാന്തരമല്ല.

5. *സ്നാനം ഏല്ക്കുക :* (അ.പ്ര. 8: 13,22) ശീമോനെക്കുറിച്ച് വീണ്ടും നാം കാണുന്നത് അവൻ വിശ്വസിക്കുക മാത്രമല്ല സ്നാനം ഏല്ക്കുകയും ചെയ്തു, പക്ഷേ മാനസാന്തരപ്പെട്ടില്ല. മാനസാന്തരപ്പെടുന്നവൻ സ്നാനം ഏല്ക്കും എങ്കിലും സ്നാനം മാനസാന്തരമല്ല.

6. *ചേർന്നുനില്ക്കുക :* (അ.പ്ര. 8:13,22) ശീമോൻ വിശ്വസിച്ചു സ്നാനമേല്ക്കുക മാത്രമല്ല ഫിലിപ്പോസിനോടു "ചേർന്നുനിന്നു"എന്നും കാണുന്നു. ദൈവമക്കളൊടൊരുമിച്ചു പ്രാർത്ഥിക്കുക, ഭക്ഷിക്കുക, പ്രവർത്തിക്കുക, കൂട്ടായ്മ ആചരിക്കുക മുതലായവയെല്ലാം മാനസാന്തരപ്പെടുന്നവർ ചെയ്യുമെങ്കിലും ഇങ്ങനെ ഒരാൾ ചെയ്തതുകൊണ്ടു അയാൾ മാനസാന്തരപ്പെട്ടവനാകണമെന്നില്ല. കാരണം മേൽ പ്രസ്താവിച്ചതെല്ലാം മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്നുവെങ്കിലും അവയൊന്നും അതിൽത്തന്നെ മാനസാന്തരമല്ല. അങ്ങനെയെങ്കിൽ ശരിയായ മാനസാന്തരമെന്താണ്?

## V. മാനസാന്തരത്തിന്റെ അർത്ഥം

തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ എല്ലായിടത്തും എല്ലാവരും അനുസരിപ്പാനുള്ള ദൈവകല്പനയാണു മാനസാന്തരം (അ.പ്ര. 17: 30). ഈ കല്പനയിൽ മൂന്നു കാര്യങ്ങളാണ് അടങ്ങിയിരിക്കുന്നത്.

1. ദൈവം വെറുക്കുന്ന സകലത്തെയും നീക്കിക്കളയുക
2. ദൈവത്തിങ്കലേക്കു തിരിയുക
3. ദൈവത്തെ മാത്രം സേവിക്കുക

വചനവിരുദ്ധമായ സകലത്തെയുംവിട്ട്, പൂർണ്ണഹൃദയത്തോടെ ദൈവത്തിങ്കലേക്ക് തിരിഞ്ഞു ദൈവത്തെ മാത്രം സേവിക്കുവാനുള്ള തീരുമാനമാണ് മാനസാന്തരം. അതുകൊണ്ടാണ് "...നിങ്ങൾ പൂർണ്ണഹൃദയത്തോടെ യഹോവയിങ്കലേക്ക് തിരിയുന്നു എങ്കിൽ അന്യദൈവങ്ങളെയും അസ്തോരെത്ത് പ്രതിഷ്ഠകളെയും നിങ്ങളുടെ ഇടയിൽനിന്ന് നീക്കിക്കളഞ്ഞ് നിങ്ങളുടെ ഹൃദയങ്ങളെ യഹോവയിങ്കലേക്കു തിരിക്കുകയും അവനെ മാത്രം സേവിക്കുകയും ചെയ്വിൻ" എന്നു പ്രവാചകനായ ശമൂവേൽ യിസ്രായേലിനോടു പറഞ്ഞത് (1 ശമൂവേൽ 7:3).

മാനസാന്തരത്തെ വ്യക്തമാക്കുന്ന വേറൊരു ഭാഗമാണ് കാണാതെ പോയ പുത്രന്റെ ഉപമയിലുള്ളത്. അവിടെ "ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്നു... നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ എന്നു പറയും..." (ലൂക്കൊസ് 15: 17–19) എന്നാണ് അവൻ പറഞ്ഞത്. അവൻ അപ്പന് ഇഷ്ടമില്ലാത്തതെല്ലാം വിട്ടു (ജീവിതം, തൊഴിൽ) അപ്പന്റെ അടുക്കലേക്കു തിരിച്ചുചെന്ന് അപ്പനെ മാത്രം സേവിക്കുവാൻ തീരുമാനിക്കുന്നു.

മാനസാന്തരത്തെ വ്യക്തമാക്കുന്ന മറ്റൊരു വേദഭാഗമാണ് 1 തെസ്സലൊനീക്യർ 1:9 ൽ കാണുന്നത്. അവിടെയും "ദൈവത്തെ സേവിക്കാ"നായി "വിഗ്രഹങ്ങളെ വിട്ട്" "ദൈവത്തിങ്കലേക്കു തിരിഞ്ഞു" എന്നീ മൂന്നു കാര്യങ്ങൾ വ്യക്തമാണ്. അതുകൊണ്ടു ദൈവേഷ്ടമല്ലാത്തതെല്ലാം (ആചാരം, വിഗ്രഹാരാധന, തെറ്റായ ജീവിതം, തൊഴിൽ) വിട്ടു ദൈവത്തിങ്കലേക്കു പൂർണ്ണമായി തിരിഞ്ഞു ദൈവത്തെ മാത്രം സേവിക്കുവാനുള്ള തീരുമാനത്തിന്റെ ഫലമാണു മാനസാന്തരം. വേറൊരു വിധത്തിൽ പറഞ്ഞാൽ വചനവിരുദ്ധമായ സകലത്തെയും വിട്ട് വചനത്തിങ്കലേക്കു പൂർണ്ണമായി തിരിഞ്ഞു വചനാനുസരണ

മായ ജീവിതം നയിക്കുവാൻ ഒരു വ്യക്തി തീരുമാനിക്കുമ്പോൾ തന്നെ ആ വ്യക്തി മാനസാന്തരപ്പെടുന്നു. ഇങ്ങനെയുള്ള മാനസാന്തരത്തിന് ശരിയായ മുഖാന്തരങ്ങൾ ആവശ്യമാണ്.

## VI. മാനസാന്തരത്തിനുള്ള മുഖാന്തരങ്ങൾ

### 1. അപര്യാപ്ത മുഖാന്തരങ്ങൾ

*i* *വീര്യപ്രവൃത്തികൾ :* വീര്യപ്രവൃത്തികൾ നടന്നാൽ ജനം മാനസാന്തരപ്പെടുമെന്നാണ് ചിലർ കരുതുന്നത്. എന്നാൽ കർത്താവിന്റെ ഐഹിക ജീവിതകാലത്തു വളരെ വീര്യപ്രവൃത്തികൾ നടന്നുവെങ്കിലും ജനം മാനസാന്തരപ്പെട്ടില്ല. അതുകൊണ്ടാണ് "പിന്നെ അവൻ തന്റെ വീര്യപ്രവൃത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചു തുടങ്ങി" എന്ന് എഴുതിയിരിക്കുന്നത് (മത്തായി 11: 20–24).

*ii* *അടയാളങ്ങൾ :* അടയാളങ്ങൾ കണ്ടാൽ ജനം മാനസാന്തരപ്പെടുമെന്നാണു വേറെ ചിലർ കരുതുന്നത്. അതുകൊണ്ടാണു മരിച്ചവരിൽനിന്ന് ഒരുവൻ എഴുന്നേറ്റു തന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നാൽ അവർ മാനസാന്തരപ്പെടുമെന്നു ധനവാൻ പറഞ്ഞത്. എന്നാൽ മരിച്ചവരിൽനിന്ന് ഒരുവൻ എഴുന്നേറ്റു ചെന്നാലും അവർ മാനസാന്തരപ്പെടുകയില്ല എന്നാണ് അബ്രഹാം പിതാവ് അതിന് മറുപടി പറഞ്ഞത് (ലൂക്കൊസ് 16; 30,31).

*iii* *കഠിനശിക്ഷ :* കഠിനദണ്ഡനത്തിലൂടെ കടത്തിവിട്ടാൽ മനുഷ്യർ മാനസാന്തരപ്പെടുമെന്നാണ് മറ്റു ചിലർ പറയുന്നത്. എന്നാൽ ദുഷ്ട മനുഷ്യരുടെ മേൽ ദൈവത്തിന്റെ ന്യായവിധി വന്നപ്പോൾ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയെങ്കിലും "...ശേഷം മനുഷ്യരോ.... തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല"(വെളിപ്പാട് 9:17–21) എന്ന് ഒരിടത്തും, "മനുഷ്യർ അത്യുഷ്ണത്താൽ വെന്തു പോയി; ഈ ബാധകളുടെ മേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവനു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല" എന്നു മറ്റൊരിടത്തും കാണുന്നു. (വെളിപ്പാട് 16:8,9). ആകയാൽ വീര്യപ്രവൃത്തികൾ, അടയാളങ്ങൾ, കഠിനശിക്ഷ മുതലായവയൊന്നും മാനസാന്തരം വരുത്തുവാൻ മതിയായ മുഖാന്തരങ്ങളല്ല.

### 2. മാനസാന്തരത്തിനുള്ള പര്യാപ്ത മുഖാന്തരങ്ങൾ

*i.* *മാനസാന്തരം ദൈവത്തിന്റെ ദാനമാണ്.* അപ്പൊസ്തലന്മാരുടെ പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാണ്. അതുകൊണ്ടാണു"നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. യിസ്രായേലിനു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു" എന്ന് ഒരു ഭാഗത്തും (അ.പ്ര. 5:30,31) "അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അങ്ങനെയായാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ"

എന്ന് വേറൊരു ഭാഗത്തും (അ.പ്ര. 11: 18) "വിരോധികൾക്കു ദൈവം... മാനസാന്തരം നല്കുമോ..." എന്ന് മറ്റൊരു ഭാഗത്തും കാണുന്നത് (2 തിമൊഥെയൊസ് 2:25).

മേൽ ഉദ്ധരിച്ച വാക്യങ്ങളിൽനിന്നും മാനസാന്തരം ദൈവം നല്കുന്നതാണെന്നും അതു ദൈവത്തിന്റെ ദാനമാണെന്നും മനസ്സിലാക്കാം.

ii. *ദൈവത്തിന്റെ ദീർഘക്ഷമ മൂലമാണു മാനസാന്തരം ലഭിക്കുന്നത്.* മാനസാന്തരം ദൈവത്തിന്റെ ദാനമാണെങ്കിലും ദൈവം ദീർഘക്ഷമയുള്ളവനായതുകൊണ്ടാണ് ആ ദാനം മനുഷ്യർക്കു ലഭിക്കുന്നത്. അതുകൊണ്ടാണ് "ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?" എന്ന് അപ്പൊസ്തലനായ പൗലൊസ് ചോദിക്കുന്നത് (റോമർ 2: 4). ഇതുതന്നെയാണ് "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ" (2 പത്രൊസ് 3:9) എന്നതിൽനിന്ന് അപ്പൊസ്തലനായ പത്രൊസും ഉദ്ദേശിക്കുന്നത്. അതുകൊണ്ടു മാനസാന്തരം ദൈവത്തിന്റെ ദാനമാണെങ്കിലും അതു മനുഷ്യനു ലഭിക്കുവാൻ ഇടയാകുന്നതു ദൈവത്തിന്റെ ദീർഘക്ഷമ മൂലമാണ്.

iii. *വചനകേൾവിയിലൂടെയാണു മാനസാന്തരം ലഭിക്കുന്നത്.* ദൈവത്തിന്റെ ദാനമായ മാനസാന്തരം വചനകേൾവി എന്ന മുഖാന്തരത്തിലൂടെയാണു മനുഷ്യനു ലഭിക്കുന്നത്. തന്റെ സഹോദരന്മാർ മാനസാന്തരപ്പെടണമെന്ന് ആഗ്രഹിച്ച ധനവാനോട് അബ്രഹാം പിതാവ് ".... അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ" (ലൂക്കൊസ് 16:29-31) എന്നും നിനെവേയിലുള്ളവരെക്കുറിച്ച് "അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു" (മത്തായി 12: 41) എന്നും കാണുന്നു. മറ്റൊരു ഭാഗത്തു ചിലരെ സൗമ്യതയോടെ പഠിപ്പിക്കണമെന്നു പറയുന്നു. അതിന്റെ കാരണം അവർക്കു "ദൈവം സത്യത്തിന്റെ പരിജ്ഞാനത്തിനായി മാനസാന്തരം നല്കുമോ" എന്ന് അറിയേണ്ടതിനാണെന്നു കാണുന്നു (2 തിമൊഥെയൊസ് 2: 25,26).

iv. *ദൈവഹിതപ്രകാരമുള്ള ദുഃഖത്തിലൂടെയാണു മാനസാന്തരം ലഭിക്കുന്നത്* (2 കൊരിന്ത്യർ 7: 9,10). തങ്ങളുടെ പാപത്തെ ഓർത്തു ദുഃഖിക്കുന്നവരാണു ദൈവഹിതപ്രകാരം ദുഃഖിക്കുന്നവർ. ചെയ്യേണ്ടതു ചെയ്യാത്തതു നിമിത്തവും, ചെയ്യരുതാത്തതു ചെയ്യുന്നതു നിമിത്തവും ദൈവത്തെ പ്രകോപിപ്പിച്ചതിനാൽ തങ്ങളുടെ തെറ്റിനെ ഓർത്തു ദൈവസന്നിധിയിൽ വിലപിക്കുന്നവരാണു ദൈവഹിതപ്രകാരം ദുഃഖിക്കുന്നവർ.

"ലോകത്തിന്റെ ദുഃഖം - ലൗകിക കാരണങ്ങളാൽ ഉണ്ടാകുന്ന ദുഃഖം മരണത്തിലാണ് അവസാനിക്കുന്നത്. എന്നാൽ "ദൈവഹിതപ്രകാരം ഉള്ള

ദുഃഖം" (തന്റെ പാപത്തെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞു വിലപിക്കുന്നത്) "അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു." ദൈവ സന്നിധിയിൽ തന്റെ പാപത്തെ ഏറ്റുപറഞ്ഞു വിലപിച്ചതു തെറ്റായ ഒരു തീരു മാനം ആയിരുന്നു എന്നു പിന്നീട് അതേക്കുറിച്ച് ഒരിക്കലും അനുതപിക്കു വാൻ ആർക്കും ഇട നല്കാത്ത ദുഃഖമാണു ദൈവഹിതപ്രകാരമുള്ള ദുഃഖം. കാരണം, ഈ ദുഃഖത്തിന്റെ അനന്തരഫലം രക്ഷയിലേക്കു നയിക്കുന്ന മാന സാന്തരമാണ്. അതുകൊണ്ടാണ്, അത് "അനുതാപം വരാത്ത മാനസാ ന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു" എന്നു പറയുന്നത്.

മേൽ ഉദ്ധരിച്ച വാക്യങ്ങളിൽനിന്നു മാനസാന്തരം ദൈവത്തിന്റെ ദാന മാണെന്നും അതു മനുഷ്യനു ലഭിക്കുവാനുള്ള കാരണം ദൈവത്തിന്റെ ദീർഘ ക്ഷമയാണെന്നും വചനകേൾവി എന്ന മുഖാന്തരത്തിലൂടെ ദൈവഹിതപ്ര കാരം ദുഃഖിക്കുമ്പോഴാണ് ഈ മാനസാന്തരം ലഭിക്കുന്നതെന്നുമാണു വ്യക്ത മാകുന്നത്.

ചുരുക്കത്തിൽ, പ്രവാചകന്മാരുടെയും ക്രിസ്തുവിന്റെയും അപ്പൊസ്തല ന്മാരുടെയും പ്രസംഗവിഷയം മാനസാന്തരമായിരുന്നുവെന്നും പാപമോചന ത്തിനു മാനസാന്തരം ആവശ്യമാണെന്നും മാനസാന്തരത്തിൽ മനുഷ്യന്റെ വ്യക്തിത്വം പൂർണ്ണമായും ക്രിയാത്മകമാണെന്നും യഥാർത്ഥമായി മാനസാന്തര പ്പെടുമ്പോൾ ദൈവവിരുദ്ധമായ സകലത്തെയും വിട്ടു പൂർണ്ണമായും ദൈവ ത്തിങ്കലേക്കു തിരിഞ്ഞു ദൈവത്തെ സേവിക്കയാണെന്നും മാനസാന്തരം ദൈവത്തിന്റെ ദാനവും വചനകേൾവി എന്ന മുഖാന്തരത്തിലൂടെ ദൈവഹിത പ്രകാരം ദുഃഖിക്കുമ്പോഴാണ് അതു മനുഷ്യർക്കു ലഭിക്കുന്നത് എന്നുമാണ് തിരുവെഴുത്തിൽനിന്നു കണ്ടത്. തിരുവെഴുത്ത് ഉദ്ദേശിക്കുന്ന ഈ നിലയി ലുള്ള മാനസാന്തരമാണു മനുഷ്യന് അനിവാര്യമായിരിക്കുന്നത്.

◆◆◆

## അദ്ധ്യായം 2

# വിശ്വാസം

ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ വിശ്വാസത്തിനു വളരെ പ്രാധാന്യം ഉണ്ട്. കാരണം ഒരാൾ ജീവിക്കുകയും ചരിക്കുകയും ഇരിക്കു കയും ചെയ്യുന്നതു വിശ്വാസത്താലാണ്. മാത്രമല്ല തന്റെ വിശ്വാസമണ്ഡല ത്തിൽ ഉൾപ്പെട്ടതെല്ലാംതന്നെ പ്രത്യക്ഷമായോ പരോക്ഷമായോ അറി യുകയോ കാണുകയോ കേൾക്കുകയോ രുചിക്കുകയോ അനുഭവിക്കുകയോ ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് അനുഭവത്തിന്റെയും പരിചയത്തിന്റെയും അടിസ്ഥാനത്തിലാണ് ഏതെല്ലാം കാര്യങ്ങൾ വിശ്വാസയോഗ്യമെന്ന് മനുഷ്യൻ തീരുമാനിക്കുന്നത്. പക്ഷേ അനുഭവത്തിന്റെയും പരിചയത്തിന്റെയും അടി

സ്ഥാനത്തിലുള്ള വിശ്വാസം ചിലപ്പോൾ ചതിയാകാറുമുണ്ട്. ദാഹശമനത്തിനായി കുടിക്കുന്ന വെള്ളം രോഗകാരണമാകാറുണ്ട്. ആരോഗ്യത്തിനായി ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്ന് അപായം വരുത്താറുണ്ട്. ദീർഘകാലം വിശ്വസ്തനായ മനുഷ്യൻ പിന്നീട് ചതിക്കാറുണ്ട്. മേൽപ്പറഞ്ഞവയെല്ലാം മനുഷ്യജീവിതത്തിൽ സംഭവിക്കാൻ സാധ്യതയുള്ളവയാണ്.

എന്നാൽ തിരുവെഴുത്ത് ആഹ്വാനം ചെയ്യുന്ന വിശ്വാസം അനുഭവത്തിന്റെയും പരിചയത്തിന്റെയും അടിസ്ഥാനത്തിലുള്ള വിശ്വാസത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. എന്തെന്നാൽ ബൈബിൾ പഠിപ്പിക്കുന്ന വിശ്വാസത്തിന്റെ ആധാരമായ വ്യക്തി തെറ്റുപറ്റാത്തവനും ദോഷക്കില്ലാത്തവനും മാറാത്തവനുമാണ്. അതുകൊണ്ട് ആ ദൈവത്തിലുള്ള വിശ്വാസത്തെക്കുറിച്ച് ശരിയായ അറിവ് എല്ലാവർക്കും ആവശ്യമാണ്.

## 1. വിശ്വാസത്തിന്റെ ആവശ്യം

1. *പാപമോചനം ലഭിക്കുന്നതു വിശ്വാസത്താലാണ്:* അതുകൊണ്ടാണ് "അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" എന്നു പ്രവാചകന്മാരെ ഉദ്ധരിച്ചു പത്രൊസ് പറഞ്ഞത് (അ.പ്ര. 10: 43).
2. *നിത്യജീവൻ ലഭിക്കുന്നതു വിശ്വാസത്താലാണ്: ഇക്കാര്യമാണ്* "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്" എന്നതിൽനിന്നും (യോഹന്നാൻ 3:16 ); "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്" (യോഹന്നാൻ 3:36) എന്നതിൽനിന്നും ക്രിസ്തു പഠിപ്പിച്ചത്.
3. *ആത്മരക്ഷ ലഭിക്കുന്നതു വിശ്വാസത്താലാണ്:* അതുകൊണ്ടാണ് "കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (അ.പ്ര. 16:31) എന്നു കാരാഗൃഹപ്രമാണിയോടും "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്" എന്നു വിശുദ്ധന്മാരോടും (എഫേസ്യർ 2:8) പൗലൊസ് പറഞ്ഞത്.
4. *ശുദ്ധീകരിക്കുന്നതു വിശ്വാസത്താലാണ്:* ഈ കാരണത്താലാണ് "ഹൃദയങ്ങളെ അറിയുന്ന ദൈവം.... വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചതിനാൽ" എന്നു പത്രൊസും (അ.പ്ര.15: 8,9) "അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ" (അ.പ്ര. 26:18) എന്നു കർത്താവും പറഞ്ഞത്.
5. *രക്ഷിക്കപ്പെട്ടവർ നിലനിൽക്കുന്നതും വിശ്വാസത്താലാണ്:* അതുകൊണ്ടാണ് "വിശ്വാസത്താൽ നീ നിൽക്കുന്നു" എന്നു റോമയിലുള്ളവരോടും (റോമർ 11:20) "വിശ്വാസസംബന്ധമായി നിങ്ങൾ ഉറച്ചു നില്ക്കുന്നുവല്ലോ" എന്നു കൊരിന്തിലുള്ളവരോടും പൗലൊസ് പറഞ്ഞത് (2 കൊരിന്ത്യർ 1:24).

6. *ദൈവത്തെ പ്രസാദിപ്പിക്കുവാൻ വിശ്വാസം ആവശ്യമാണ്:* അതുകൊണ്ടാണ് "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല" എന്ന് എബ്രായലേഖകൻ പറയുന്നത് (എബ്രായർ 11:6).

## II. വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന മാനുഷിക ഘടകങ്ങൾ

1. *ബുദ്ധി :* വചനം ഗ്രഹിക്കുവാൻ സഹായിക്കുന്ന ഘടകമാണിത്. വിശ്വസിക്കുന്നവൻ തിരുവെഴുത്തിനെ, ഒരിക്കൽ എന്നേക്കുമായി വെളിപ്പെടുത്തപ്പെട്ട, ഏകദൈവവചനമായി -ഉപദേശത്തിനും ജീവിതത്തിനും മതിയായതായി അംഗീകരിക്കണം. മാത്രമല്ല തിരുവെഴുത്തില ചരിത്രപരവും ഭൂമിശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ സകലത്തെയും വസ്തുതകളായി അംഗീകരിക്കുകയും വേണം. അതിൽ ദൈവത്തിന്റെ നീതിയെയും വിശുദ്ധിയെയും മനുഷ്യന്റെ അരിഷ്ടതയെയും ന്യായവിധിയെയും യേശുക്രിസ്തുവിന്റെ കന്യകാജനനം, പാപരഹിത ജീവിതം, പാപിൾക്കുവേണ്ടിയുള്ള മരണം, ഉയിർത്തെഴുന്നേല്പ് എന്നിവയും ഉൾപ്പെടുന്നു (2 പത്രൊാസ് 1:21; റോമർ 3:10; 1 കൊരിന്ത്യർ 15:1-4; എബ്രായർ 9:27,28).
2. *വികാരം:* ഭാവത്തിലുണ്ടാകുന്ന മാറ്റം. വെളിപ്പെടുത്തപ്പെട്ട തിരുവെഴുത്തിലെ വസ്തുതകളെ കേട്ട് അത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന ഭാവമാറ്റമാണിത്.

യഹൂദ്യയിലെ ഗവർണ്ണരായിരുന്ന ഫേലിക്സ് "... പൗലൊസിനെ വരുത്തി ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെക്കുറിച്ച് അവന്റെ പ്രസംഗം കേട്ടു. എന്നാൽ അവൻ നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ചു സംസാരിച്ചപ്പോൾ ഫേലിക്സ് ഭയപരവശനായി..." എന്നു കാണുന്നു (അ.പ്ര. 24:24,25). അതുപോലെ തന്നെ അപ്പൊസ്തല പ്രവൃത്തി 2:36,37 ൽ "നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കിവച്ചു..." എന്നുള്ള പത്രൊസിന്റെ പ്രസംഗം കേട്ടിട്ട് യഹൂദന്മാർക്ക് ഹൃദയത്തിൽ കുത്തുകൊണ്ടു" എന്നും കാണുന്നു.

3. *ഇച്ഛ:* വചനം അംഗീകരിക്കുമ്പോഴുണ്ടാകുന്ന ഭാവമാറ്റത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുവാൻ സഹായിക്കുന്ന ഘടകമാണിത്. യെരൂശലേമിലെ സഭ ഏകമനസ്സോടെ ശലോമോന്റെ മണ്ഡപത്തിൽ ക്കൂടിവരിക പതിവായിരുന്നുവെന്നും അതിന്റെ ഫലമായി " അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചു ചേർന്നുവന്നു" എന്നും കാണുന്നു (അ.പ്ര. 5:14). മാത്രമല്ല പൗലൊസ് തെസ്സലൊനീക്യയിൽവെച്ച് മൂന്നു ശബ്ബത്തിൽ തിരുവെഴുത്തിനെ ആധാരമാക്കി യഹൂദന്മാരോടു വാദിച്ചതിന്റെ ഫലമായി "... അവരിൽ ചിലരും ഭക്തിയുള്ള യവനന്മാരിൽ ഒരു വലിയ കൂട്ടവും മാന്യസ്ത്രീകളിൽ അനേകരും വിശ്വസിച്ചു പൗലൊസിനോടും ശീലാസിനോടും ചേർന്നു" (അ.പ്ര. 17:3,4) എന്നും; അഥേനയിൽ പ്രസംഗിച്ചപ്പോൾ "ചില പുരുഷന്മാർ അവനോടു ചേർന്നു വിശ്വസിച്ചു" എന്നും കാണുന്നു (അ.പ്ര. 17:34) അതുകൊണ്ടു യഥാർത്ഥ വിശ്വാസത്തിൽ

വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളായ ബുദ്ധിയും, വികാരവും, ഇച്ഛയും ക്രിയാത്മകമാണ്. തുടർന്നു വിശ്വാസത്തിന്റെ ഉത്ഭവവും മുഖാന്തരവും എവിടെനിന്നാണെന്നു പരിശോധിക്കാം.

## III. വിശ്വാസത്തിന്റെ ഉത്ഭവവും മുഖാന്തരവും

### 1. വിശ്വാസത്തിന്റെ ഉത്ഭവം ദൈവത്തിൽനിന്നാണ്

ദൈവത്തിൽ വിശ്വസിപ്പാൻ മനുഷ്യന് സ്വതസിദ്ധമായ കഴിവില്ല. അതുകൊണ്ടാണു ദൈവം മനുഷ്യനു വിശ്വാസം ദാനമായി കൊടുത്തത്. രക്ഷയ്ക്കു പര്യാപ്തമായ വിശ്വാസം ദൈവത്തിന്റെ ദാനമാണ്. അതു മനുഷ്യന്റെ സ്വന്തമല്ല. ഈ കാര്യമാണ് "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു" എന്നതിൽനിന്നും പൗലൊസ് ഉദ്ദേശിച്ചത്(എഫേസ്യർ 2:8).

വേറൊരു ഭാഗത്തു "ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ" എന്നും പൗലൊസ് പറയുന്നുണ്ട് (റോമർ 12:3). "നമ്മുടെ ദൈവത്തിന്റെയും രക്ഷിതാവായ യേശുക്രിസ്തുവിന്റെയും നീതിയാൽ ഞങ്ങൾക്കു ലഭിച്ചതുപോലെ അതേ വിലയേറിയ വിശ്വാസം ലഭിച്ചവർക്ക്" എന്നതിൽനിന്ന് അപ്പൊസ്തലനായ പത്രൊസ് ഉദ്ദേശിക്കുന്നതും ഇതുതന്നെയാണ് (2 പത്രൊസ് 1:1).

### 2. വിശ്വാസത്തിന്റെ മുഖാന്തരം ദൈവവചനമാണ്

ദൈവം ദാനമായി കൊടുക്കുന്ന വിശ്വാസം മനുഷ്യനു ലഭിക്കുന്നത് അടയാളങ്ങളിലൂടെയോ അത്ഭുതങ്ങളിലൂടെയോ അല്ല, മറിച്ച് വചനകേൾവിയിലൂടെയാണ്. അതുകൊണ്ടാണ് "വചനം കേട്ടവരിൽ പലരും വിശ്വസിച്ചു" എന്ന് എഴുതിയിരിക്കുന്നത് (അ.പ്ര. 4:4). ഇക്കാരണത്താലാണ് കൊരിന്തിലുള്ള അനേകരും "വചനം കേട്ടു വിശ്വസിച്ചു" സ്നാനം ഏല്ക്കുവാൻ ഇടയായത് (അ.പ്ര.18:8). എന്തെന്നാൽ വചനകേൾവിയിലൂടെയല്ലാതെ വിശ്വാസം ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെയാണ് "അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല..."(ലൂക്കൊസ് 16:31) എന്നു വചനം പറയുന്നത്. ഇക്കാരണത്താൽ രക്ഷയ്ക്കു പര്യാപ്തമായ യഥാർത്ഥ വിശ്വാസത്തിന്റെ ഉത്ഭവം ദൈവത്തിൽനിന്നും, അത് ലഭിക്കുവാനുള്ള മുഖാന്തരം വചനകേൾവിയുമാണ്. എന്നാൽ വ്യാജവിശ്വാസത്തിന്റെ സാന്നിദ്ധ്യവും ആത്മീയ മണ്ഡലത്തിലുള്ളതിനാൽ ജാഗ്രത ആവശ്യമാണ്.

## IV. വ്യാജവിശ്വാസത്തിന്റെ അടയാളങ്ങൾ

1. *കേൾക്കുക മാത്രം:* വചനം കേൾക്കുന്നതിനു വളരെ പ്രാധാന്യം ഉണ്ട്. അതുകൊണ്ടാണ് "ഏതു മനുഷ്യനും കേൾപ്പാൻ വേഗതയുള്ളവനായിരിക്കണ" മെന്ന് കർത്താവിന്റെ ദാസനായ യാക്കോബ് പറയുന്നത്. മാത്രമല്ല "...നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ" എന്നും

യാക്കോബ് പറയുന്നുണ്ട് (യാക്കോബ് 1:19,21).എന്നാൽ വചനം കേൾക്കുക എന്നുള്ളതു ലക്ഷ്യമല്ല മറിച്ച് അതു മാർഗ്ഗമാണ്. അനുസരണമുളവാക്കുന്ന വിശ്വാസമാണു ലക്ഷ്യം.

വചനങ്ങളെ കേട്ടു ചെയ്യാതിരിക്കുന്നവനുണ്ടാകുന്ന അപകടത്തെക്കുറിച്ചു നമ്മുടെ കർത്താവ് മുന്നറിയിപ്പു നല്കി – "എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവനൊക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു... അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു" (മത്തായി 7:26,27). വേറൊരിടത്ത് അപ്പൊസ്തലനായ പൗലൊസ് "ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രേ. (അനുസരിക്കുന്നവരത്രേ) നീതീകരിക്കപ്പെടുന്നത്" (റോമർ 2:13) എന്നും മറ്റൊരിടത്തു യാക്കോബ് "എങ്കിലും വചനം കേൾക്കുക മാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" എന്നും പറഞ്ഞിട്ടുണ്ട് (യാക്കോബ് 1:22). കേൾക്കുന്ന വചനത്തിനനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അത് ആത്മവഞ്ചനയാകുമെന്നും കേട്ട വചനത്തിന്റെ അടിസ്ഥാനത്തിൽ ഉടനടി നടപടിയെടുക്കണമെന്നുമാണ് യാക്കോബ് 1:23–25 വരെയുള്ള വാക്യങ്ങളുടെ സാരം.

2. *അറിയുക മാത്രം:* ദൈവവചനത്തിലെ ഉപദേശസത്യങ്ങളെക്കുറിച്ച് ഉപദേശനിശ്ചയം ഏതൊരു വിശ്വാസിക്കും ഉണ്ടായിരിക്കണം. എന്നാൽ തിരുവെഴുത്തിലെ ഉപദേശങ്ങൾ അറിയാവുന്നതുകൊണ്ട് ഒരാൾ ദൈവവിശ്വാസിയാകണമെന്നില്ല. എന്തെന്നാൽ പിശാചുക്കളും തിരുവെഴുത്തിലെ സത്യങ്ങൾ അറിയുകയും അതെല്ലാം അംഗീകരിക്കുകയും ചെയ്യുന്നു. ദൈവം ഏകൻ എന്നു പിശാചുക്കൾ വിശ്വസിക്കുകയും അതുമൂലം വിറയ്ക്കുകയും ചെയ്യുന്നു (യാക്കോബ് 2:19). യേശു ദൈവപുത്രനാണെന്നും, ക്രിസ്തു വാണെന്നും, അവനു തങ്ങളുടെ മേൽ അധികാരമുണ്ടെന്നും ഭൂതങ്ങൾ അറിയുകയും അങ്ങനെ നിലവിളിച്ചു പറയുകയും ചെയ്തു (ലൂക്കൊസ് 4:41; മർക്കൊസ് 5:7,8; മത്തായി 8:29,31). മാത്രമല്ല ഉയിർത്തെഴുന്നേറ്റ യേശുവിനെയും ഭൂതങ്ങൾക്ക് അറിയാമായിരുന്നു എന്നും വചനത്തിൽ കാണുന്നു. (അ.പ്ര. 19:15).

ഇതുപോലെയുള്ള ബൈബിൾ സത്യങ്ങൾ പിശാചുക്കൾ – അഥവാ ഭൂതങ്ങൾ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുവെങ്കിലും അവയുടെ പ്രകൃതി അല്ലെങ്കിൽ സ്വഭാവം ഇതുവരെയും മാറിയിട്ടില്ല. വിശ്വസിക്കുന്നതിന് അറിവ് ആവശ്യമാണ്. എന്നാൽ അറിവ് മാത്രമേയുള്ളൂ എങ്കിൽ അതു വ്യാജ വിശ്വാസത്തിന്റെ അടയാളമായി അവശേഷിക്കുന്നു.

3. *പറയുക മാത്രം:* ദൈവത്തിൽ വിശ്വസിച്ചു എന്നു പറയുന്നതുകൊണ്ടോ ദൈവത്തെ അറിഞ്ഞുഎന്നു പറയുന്നതുകൊണ്ടോ ദൈവത്തിൽ വസിക്കുന്നു എന്നു പറയുന്നതുകൊണ്ടോ ദൈവത്തെ 'പിതാവേ'എന്നു വിളിക്കുന്നതുകൊണ്ടോ യാതൊരുവനും യഥാർത്ഥ

വിശ്വാസത്തിന്റെ ഉടമയാകുന്നില്ല. കാരണം എന്നാൽ യഥാർത്ഥ വിശ്വാസമില്ലാത്തവനും ഇതുപോലെ പറയുവാനും വിശ്വസിക്കുവാനും സാധിക്കുമെന്നാണ് തിരുവെഴുത്തിൽനിന്നു മനസ്സിലാകുന്നത്. അതുകൊണ്ടാണ് "തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി" എന്നു പറഞ്ഞത്. എന്നാൽ പിന്നീട് ഇവരെ "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ" എന്നാണ് അവൻ വിളിച്ചത്. കാരണം ഇവർ തന്നെയാണു കുറച്ചു സമയത്തിനുശേഷം യേശുവിനെ എറിവാൻ കല്ലെടുത്തത് (യോഹന്നാൻ 8:31,44,59). അതിൽനിന്നും ഇവരുടെ വിശ്വാസം വ്യാജമാണെന്നു മനസ്സിലാക്കാം.

മാത്രമല്ല "തനിക്ക് വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ... ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?" എന്നു യാക്കോബ് ചോദിക്കുന്നുണ്ട് (യാക്കോബ് 2:14) "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും (തീത്തൊസ് 1:16) അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു"എന്നു യോഹന്നാനും പറയുന്നു (1 യോഹന്നാൻ 2:4). "വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ ഇന്നെയോളം ഇരുട്ടിൽ ഇരിക്കുന്നു" (1 യോഹന്നാൻ 2:9) എന്നു യോഹന്നാൻ തന്നെ വീണ്ടും പറയുന്നു. തന്നെയുമല്ല "എന്നോടു 'കർത്താവേ' കർത്താവേ' എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" എന്ന് ക്രിസ്തുവും വ്യക്തമാക്കിയിട്ടുണ്ട് (മത്തായി 7:21).

അതുകൊണ്ട് ഒരുവൻ, വചനം കേൾക്കുക മാത്രം, വചനം അറിയുക മാത്രം, വിശ്വസിക്കുന്നു എന്നു പറയുക മാത്രം ചെയ്യുന്നവനാണെങ്കിൽ അവൻ വ്യാജവിശ്വാസത്തിന്റെ ഉടമയാണ്.

## V. നിർവ്യാജവിശ്വാസത്തിന്റെ അടയാളങ്ങൾ

യഥാർത്ഥ വിശ്വാസത്തിന്റെ ഉടമകൾ തങ്ങളുടെ മനസ്സും, ഹൃദയവും ആത്മാവും അവർ വിശ്വസിച്ചവനിൽ പൂർണ്ണമായും സമർപ്പിച്ചിരുന്നു എന്നാണ് ബൈബിൾ ചരിത്രത്തിൽനിന്നും വ്യക്തമാകുന്നത്. നാനാവിധപരിശോധനകളിലൂടെ കടന്നുപോകേണ്ടിവന്നിട്ടും അവരുടെ വിശ്വാസത്തിനു ഭംഗം വന്നില്ല. കാരണം അവരുടെ വിശ്വാസമാണ് അവരെ ഭരിച്ചത്. അവരെല്ലാം നിർവ്യാജവിശ്വാസത്തിന് ഉടമകളായിരുന്നു. നിർവ്യാജവിശ്വാസത്തിന്റെ ഒരു തെളിവാണ് വിശ്വാസം പ്രവർത്തിക്കുന്നു എന്നുള്ളത്.

*1.* *വിശ്വാസം പ്രവർത്തിക്കുന്നു:* അതുകൊണ്ടാണ് "വിശ്വാസത്താൽ നോഹ... തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു" എന്നും (എബ്രായർ 11:7);"വിശ്വാസത്താൽ അബ്രഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു" എന്നും (എബ്രായർ 11:17); "വിശ്വാസത്താൽ മോശെ... ദൈവജന

ത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നതു തിരഞ്ഞെടുത്തു" എന്നും (എബ്രായർ 11:24) "വിശ്വാസത്താൽ അവൻ ... പെസഹയും ചോര ത്തളിയും ആചരിച്ചു" എന്നും (എബ്രായർ 11:28); "വിശ്വാസത്താൽ രാഹാബ്... ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ടു" (എബ്രാ യർ 11:31) എന്നുമാണ് ബൈബിളിൽ പറയുന്നത്. യഥാർത്ഥ വിശ്വാസം പ്രവർത്തിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളാണിതെല്ലാം. എന്നാൽ പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യാജവും നിർജ്ജീവവുമാ കുന്നു (യാക്കോബ് 2:14,26). പ്രവൃത്തി രക്ഷയ്ക്കുവേണ്ടിയുള്ളതല്ല മറിച്ച് രക്ഷയുടെ ഫലമാണ്. വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കുന്നതും വിശ്വാസത്തിന്റെ തെളിവുമാണ് പ്രവൃത്തി (എഫേസ്യർ 2:8-10; തീത്തൊസ് 3:8). യഥാർത്ഥ വിശ്വാസം അതിനനുസൃതമായ പ്രവൃ ത്തിയിലൂടെയാണ് വെളിപ്പെടേണ്ടത്. അതുകൊണ്ടാണ് "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷി പ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്വിൻ" (2 കൊരിന്ത്യർ 13: 5) എന്നു വചനം പറയുന്നത്.

2. *വിശ്വാസം അനുസരിക്കുന്നു:* നിർവ്യാജവിശ്വാസത്തിന്റെ വേറൊരു തെളിവാണു വിശ്വാസം അനുസരിക്കുന്നു എന്നത്. വിശ്വാസവും അനുസരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതായിട്ടാണു വചന ത്തിൽ കാണുന്നത്. അതുകൊണ്ടാണു"പുത്രനിൽ വിശ്വസിക്കുന്ന വന്.. പുത്രനെ അനുസരിക്കാത്തവനോ..." എന്നു യേശുക്രിസ്തുവും (യോഹന്നാൻ 3: 36); "സകല ജാതികളുടെയും ഇടയിൽ വിശ്വാസ ത്തിനു അനുസരണം വരുത്തേണ്ടതിന്" (റോമർ 1: 6); എന്നും "സകല ജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിനായി" എന്നു പൗലൊസും (റോമർ 16:24); "ദൈവവചനം പരന്നു... വലിയൊരു കൂട്ടം വിശ്വാസത്തിനു അധീനരായി" (അനുസരണമുള്ളവരായി) എന്നു ലൂക്കൊസും (അ.പ്ര. 6: 7) "വിശ്വാസത്താൽ അബ്രാഹാം... അനുസരിച്ചു" എന്നു എബ്രായലേഖനകർത്താവും പറയുന്നത് (എബ്രായർ 11:8).

വിശ്വാസത്തെ അനുസരണത്തോടും അവിശ്വാസത്തെ അനുസരണ ക്കേടിനോടുമാണു ദൈവവചനം മറ്റൊരിടത്ത് താരതമ്യം ചെയ്തിരിക്കുന്നത് (എബ്രായർ 3: 18,19). അങ്ങനെ വിശ്വാസവും അനുസരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നും ഒന്നിനെ മറ്റൊന്നിൽനിന്നും വേർപെടുത്തുവാൻ സാദ്ധ്യമല്ലെന്നും കാണുന്നു. അതുകൊണ്ടു "നിങ്ങൾ വിശ്വാസത്തിൽ ഇരി ക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ, നിങ്ങളെത്തന്നേ ശോധന ചെയ്വിൻ..." (2 കൊരിന്ത്യർ 13:5) എന്ന പ്രബോധനം ഇവിടെയും അനു യോജ്യംതന്നെ.

3. *വിശ്വാസം സഹിഷ്ണുത കാണിക്കുന്നു:* നിർവ്യാജവിശ്വാസത്തിന്റെ മറ്റൊരു തെളിവാണ് വിശ്വാസം സഹിഷ്ണുത കാണിക്കുന്നു (സഹിക്കുന്നു) എന്നത്. വിശ്വാസം നിമിത്തം അപ്പൊസ്തലന്മാർ അടി യേൽക്കുകയും അപമാനം സഹിക്കുകയും ചെയ്തു (അ.പ്ര. 5: 40-42). വിശ്വാസികൾ കഷ്ടവും നിന്ദയും സഹിച്ചു (എബ്രായർ 11:2426).

ചിലർ സമ്പത്തുകളുടെ അപഹാരം സഹിച്ചു (എബ്രായർ 10: 34). വേറെ ചിലർ വിശ്വാസം നിമിത്തം പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് എന്നിവ സഹിച്ചു. അനേകർ കല്ലേറു ഏറ്റു ഈർച്ചവാളാൽ അറുക്കപ്പെട്ടു. ആടുകളുടെ തോൽ ധരിച്ചു. ബുദ്ധിമുട്ട് ഉപദ്രവം, കഷ്ടത മുതലായവ സഹിച്ചു. അനേകർ വിശ്വാസം നിമിത്തം കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലയേണ്ടിവന്നു (എബ്രായർ 11: 36–38).

യഥാർത്ഥ വിശ്വാസമുള്ളവർ ആ വിശ്വാസപ്രകാരം ജീവിക്കുന്നതിനായി ഏതുവിധ കഷ്ടവും നഷ്ടവും ത്യാഗവും സഹിപ്പാൻ മനസ്സുള്ളവരായിരുന്നു. പലവിധ പരിശോധനകളിൽക്കൂടെ കടക്കേണ്ടിവന്നുവെങ്കിലും വിശ്വാസത്തിനു വലിയ വില കൊടുത്തുകൊണ്ട് അവർ വിശ്വാസത്തിൽ നിലനിന്നു.

അങ്ങനെ ബൈബിൾ പഠിപ്പിക്കുന്ന നിലയിലുള്ള നിർവ്യാജവിശ്വാസത്തിന്റെ ഉടമകൾ തങ്ങൾക്കുള്ള വിശ്വാസത്തിന്റെ ഫലമായി പ്രവർത്തിക്കുന്നു, അനുസരിക്കുന്നു, സഹിഷ്ണുത കാണിക്കുന്നു. ഇതുപോലെയുള്ള ക്രിയാത്മക വിശ്വാസത്തിനു മാത്രമേ ഒരാളെ വരുവാനുള്ള ദൈവകോപത്തിൽനിന്നു വിടുവിപ്പാൻ കഴിയുകയുള്ളൂ.

◆◆◆

## അദ്ധ്യായം 3

# യേശുക്രിസ്തുവിന്റെ കർതൃത്വം

ഒരു സർവ്വസ്വതന്ത്രാധിപതിയായ ഭരണാധികാരിക്കു തന്റെ പ്രജയുടെ മേലുള്ള ആധിപത്യമാണു കർതൃത്വം. യേശുക്രിസ്തു എല്ലാവരുടെയും കർത്താവാണ്. അതുകൊണ്ടു അവന് എല്ലാവരുടെമേലും കർതൃത്വം ഉണ്ട്. യേശുക്രിസ്തുവിനെ കർത്താവായി കൈക്കൊണ്ടു അവന്റെ കല്പനകളെ അറിഞ്ഞ് അനുസരിച്ച് അവനെ അനുഗമിക്കുന്നവർക്കു നിത്യജീവനും, അവന്റെ കർതൃത്വത്തെ നിഷേധിക്കുന്നവർക്കു നിത്യനാശവും ലഭിക്കുമെന്നാണു വചനം പറയുന്നത്. എന്നാൽ യേശുക്രിസ്തുവിനെ കൈക്കൊള്ളുന്നവർക്കു അവനെ ഭാഗികമായി – രക്ഷിതാവായി മാത്രം – കൈക്കൊള്ളുവാൻ കഴിയുകയില്ലെന്നും മറിച്ച് കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയെ – പൂർണ്ണമായും – ദൈവമായും കർത്താവായുംകൂടെ കൈക്കൊള്ളണമെന്നും വചനം പറയുന്നു.

**I.** **യേശു ദൈവമാണ്:** യേശുവിനെക്കുറിച്ച് "വചനം ദൈവമായിരുന്നു" എന്നും "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ" ഈ "വചനം ജഡമായിത്തീർന്നു'' എന്നും അവനിലാണ് ''ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്'' എന്നും തിരുവെഴുത്തു വെളിപ്പെടുത്തുന്നു. (യോഹന്നാൻ 1:1, ഗലാത്യർ 4:4; യോഹ

ന്നാൻ 1:14; കൊലൊസ്യർ 2:9). മാത്രമല്ല ദൈവത്തിനു മാത്രം അവകാശപ്പെട്ട ചില വിശേഷണങ്ങൾ - സർവ്വശക്തൻ, സർവ്വജ്ഞാനി, സർവ്വവ്യാപി, മാറാത്തവൻ അവനുള്ളതായും തിരുവെഴുത്തിൽ കാണുന്നു.

**II. യേശു രക്ഷിതാവാണ്:** 'യേശു' എന്ന വാക്കിന് രക്ഷിതാവ് എന്നാകുന്നു അർത്ഥം. 'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്ക"യാലും (മത്തായി 1: 21); "അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാലും" (1 യോഹന്നാൻ 2: 12); "കർത്താവായ യേശുക്രിസ്തു രക്ഷിതാവായി" വന്നു നമ്മുടെ പാപശരീരത്തിൽനിന്നു നമ്മെ രക്ഷിക്കുന്നതിനാലും (ഫിലിപ്പിയർ 3: 20). യേശു രക്ഷിതാവാണെന്നു വ്യക്തമാണ്.

**III. യേശു കർത്താവാണ്:**

1. *'യേശുവിന്റെ പ്രവൃത്തിയിൽനിന്നും ഉപദേശത്തിൽനിന്നും അവൻ കർത്താവാണെന്നു വ്യക്തമാണ്.* എല്ലാവരെയും ന്യായം വിധിപ്പാനുള്ള അധികാരം പിതാവ് അവനു കൊടുത്തു എന്നും (യോഹന്നാൻ 5:22); തന്റെ ജീവനെ കൊടുപ്പാനും വീണ്ടും പ്രാപിപ്പാനുമുള്ള അധികാരം അവന് ഉണ്ടെന്നും യേശു പറഞ്ഞു (യോഹന്നാൻ 10:17-18) മാത്രമല്ല, അവൻ ശബ്ബത്തിനും കർത്താവെന്നും (മത്തായി 12: 8) ഭൂതങ്ങളുടെമേൽ അധികാരം ഉള്ളവനെന്നും (മർക്കൊസ് 5:6-8) തന്റെ പ്രവൃത്തിയിലൂടെ തെളിയിച്ചു.

2. *യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽനിന്നും സ്വർഗ്ഗാരോഹണത്തിൽനിന്നും അവൻ കർത്താവാണെന്നു വ്യക്തമാണ്.*

ഉയിർത്തെഴുന്നേറ്റ യേശുവിനു "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും" നല്കപ്പെട്ടിരിക്കുന്നു എന്നും (മത്തായി 28:18) "ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവും ആക്കിവച്ചു" എന്നും (അ.പ്ര. 2:36) തിരുവെഴുത്തു പറയുന്നു. മാത്രമല്ല അവനെ 'എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർതൃത്വത്തിനും... സകലനാമത്തിനും അത്യന്തം മീതെ ഇരുത്തുകയും" (എഫേസ്യർ 1: 21); "യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ" മടക്കി "എല്ലാ നാവും യേശുക്രിസ്തു കർത്താവെന്നു" പറയേണ്ടിവരുമെന്നും (ഫിലിപ്പിയർ 2:10-11) "മരിച്ചവർക്കും ജീവിച്ചിരുന്നവർക്കും കർത്താവ്" യേശുവാണെന്നും വചനം പറയുന്നു (റോമർ 14:9).

3. *സുവിശേഷസന്ദേശത്തിൽ യേശുക്രിസ്തുവിന്റെ കർതൃത്വം വ്യക്തമാണ്.*

അതുകൊണ്ടാണ് "എല്ലാവരുടെയും കർത്താവായ യേശുക്രിസ്തു മൂലം" ദൈവം സമാധാനം സുവിശേഷിച്ചു എന്നും (അ.പ്ര. 10:36) ഈ "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" (അ.പ്ര. 2:21, റോമർ 10:13) എന്നും "കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്നും വചനം പറയുന്നു. (അ.പ്ര. 16:31).

മാത്രമല്ല "യേശുവിനെ കർത്താവ് എന്നു വായ്കൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" എന്നും (റോമർ 10: 9–10) തിരുവെഴുത്തു പറയുന്നു. മേൽ ഉദ്ധരിച്ച വാക്യങ്ങളിൽ നിന്നും യേശുക്രിസ്തുവിന്റെ കർതൃത്വം സുവിശേഷസന്ദേശത്തിൽ അടങ്ങി യിട്ടുണ്ടെന്നു വ്യക്തമാണ്.

യേശു ദൈവമാണ്, രക്ഷകനാണ്, കർത്താവുമാണ്. അതുകൊണ്ട് ഒരു വ്യക്തി 'രക്ഷിക്കപ്പെടണ'മെങ്കിൽ യേശുവിന്റെ എല്ലാ സ്ഥാനങ്ങളും അംഗീ കരിച്ചേ മതിയാകൂ. രക്ഷയ്ക്കായി ഒരു വ്യക്തി യേശുവിൽ ആശ്രയിക്കുമ്പോൾ അവനെ ദൈവമായും ക്രിസ്തുവായും രക്ഷകനായും കർത്താവായും അംഗീ കരിക്കണം. അവൻ രക്ഷകൻ മാത്രമല്ല കർത്താവുമാണ്. അതുകൊണ്ട് യേശു വിന്റെ കർതൃത്വത്തെ നിരസിച്ച് അവനെ രക്ഷകനായി മാത്രം അംഗീകരി പ്പാൻ ആർക്കും കഴികയില്ല. എന്തെന്നാൽ ക്രിസ്തുവിനെ വിഭജിക്കുവാനോ ഭാഗികമായി അംഗീകരിക്കുവാനോ സാദ്ധ്യമല്ല. ആത്മരക്ഷ പ്രാപിക്കുന്നതി നായി ഒരു വ്യക്തി യേശുവിനെ രക്ഷിതാവായി മാത്രം വിശ്വസിക്കണമെന്നല്ല, മറിച്ച് ദൈവപുത്രനായി വിശ്വസിച്ച് കർത്താവായി സ്വീകരിക്കണമെന്നാണ് യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും സുവിശേഷത്തിന്റെ രത്നച്ചു രുക്കം. അങ്ങനെ രക്ഷിക്കപ്പെട്ടവരെ രണ്ടു ഗണമായി–യേശുവിന്റെ കർതൃത്വ ത്തിനു പൂർണ്ണമായി സമർപ്പിച്ചവരെ ശിഷ്യന്മാരെന്നും, പൂർണ്ണമായി സമർപ്പി ക്കാത്തവരെ സാധാരണ വിശ്വാസികളെന്നും – വചനം തരംതിരിക്കുന്നില്ല. തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ കർത്താവായ യേശുവിനെ കൈക്കൊ ള്ളുന്നവരാണു രക്ഷിക്കപ്പെടുന്നത്. അങ്ങനെ രക്ഷിക്കപ്പെടുന്നവരെല്ലാം ശിഷ്യ ന്മാരാണ്. എല്ലാ ശിഷ്യന്മാരും വിശ്വാസികളാണ്. എന്തെന്നാൽ തന്റെ ശിഷ്യ ന്മാർക്കു യേശു കൊടുത്ത കല്പനയിൽ, ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിച്ചു സകല ജാതികളെയും ശിഷ്യരാക്കുവാനാണു പറഞ്ഞത്. ചിലരെ ശിഷ്യരാക്കുവാനും ചിലരെ വിശ്വാസികളാക്കുവാനുമല്ല. മാത്രമല്ല, ശിഷ്യൻ ശിഷ്യന്മാർ എന്ന നാമം അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ വളരെയധികം കാണുമ്പോൾ 'വിശ്വാസി', 'വിശ്വാസികൾ' എന്ന പ്രയോഗം അവിടെ നാമമാത്രമാണ്. തന്നെയുമല്ല, 'ശിഷ്യൻ', 'ശിഷ്യന്മാർ' എന്ന നാമത്തിൽ, രക്ഷിക്കപ്പെട്ടവരെ ലേഖനങ്ങളിൽ എവിടെയും അറിയപ്പെടുന്നു മില്ല. മറിച്ച് വിശ്വസിക്കുന്നവർ, വിശ്വസിച്ചവർ, വിശ്വാസികൾ എന്നീ പേരുക ളാണു രക്ഷിക്കപ്പെട്ടവർക്കു ലേഖനങ്ങളിൽ ഉടനീളം കൊടുത്തിരിക്കുന്നത്. അതുകൊണ്ടു സഭയുടെ ആദ്യകാലങ്ങളിൽ– അപ്പൊസ്തല പ്രവൃത്തികളിൽ രക്ഷിക്കപ്പെട്ടവരിൽ ബഹുഭൂരിപക്ഷം ശിഷ്യന്മാരായിരുന്നുവെന്നും പിന്നീട് – ലേഖനങ്ങൾ എഴുതപ്പെട്ടപ്പോൾ – രക്ഷിക്കപ്പെട്ടവരിൽ ശിഷ്യന്മാരായി ആരും തന്നെ ഇല്ലായിരുന്നുവെന്നും – എല്ലാവരും വിശ്വാസികൾ മാത്രമായിരുന്നു വെന്നുമാണോ ഇതിനർത്ഥം. അല്ലേയല്ല. മറിച്ച് സുവിശേഷങ്ങളിലും അപ്പൊ സ്തലപ്രവൃത്തികളിലും രക്ഷിക്കപ്പെടുന്നവർ യേശുക്രിസ്തുവിനെ അനുഗ മിക്കുന്നവരാണെന്നതിനെ ഊന്നിക്കൊണ്ട് ശിഷ്യന്മാരെന്നും, അനുഗമി ക്കുന്നവർ അവനിൽ വിശ്വസിക്കുന്നവരാണെന്നതിനെ ഊന്നിക്കൊണ്ടു വിശ്വാ സികളെന്നും ലേഖനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു എന്നു നിസ്തർക്കം തെളിയുന്നു. ഇതോടുള്ള ബന്ധത്തിൽ യേശുക്രിസ്തുവിന്റെ കർതൃത്വത്തെ

നിഷേധിക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്നു പരിശോധിക്കേണ്ടത് ആവശ്യ മാണ്.

## IV. കർതൃത്വത്തെ നിഷേധിക്കുന്ന ഘടകങ്ങൾ

1. *ആത്മാർത്ഥതയില്ലാത്ത പറച്ചിൽ :* യേശുവിനോട് "കർത്താവെ, കർത്താവെ", എന്നു പറയുന്ന എല്ലാവരെയും അവൻ അംഗീകരി ക്കുന്നില്ല. അതുകൊണ്ടാണ് "എന്നോടു കർത്താവെ കർത്താവെ" എന്നു പറയുന്നവൻ ഏവനുമല്ല" മറിച്ച് 'സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (മത്തായി 7:21) എന്നു യേശു പറഞ്ഞത്. സ്വയത്തെ ത്യജിക്കാത്ത വരും യേശുവിനെ കർത്താവായി അംഗീകരിക്കാത്തവരും 'കർത്താവെ' ' കർത്താവെ' എന്നു എത്രതന്നെ പറഞ്ഞാലും അവരെ ആരെയും അവൻ അംഗീകരിക്കുന്നില്ല. അതുകൊണ്ടു അവർക്കു സ്വർഗ്ഗരാജ്യത്തിൽ പ്രവേശനവുമില്ല.

ഈ കാര്യം തന്നെ വേറൊരു ഭാഗത്ത് "പരിശുദ്ധാത്മാവിലല്ലാതെ യേശു കർത്താവെന്നു പറയുവാൻ ആർക്കും കഴിയുകയില്ല"എന്നും അപ്പൊ സ്തലൻ പറയുന്നു (1 കൊരിന്ത്യർ 12:3). പ്രഥമദൃഷ്ട്യാ, ഒരുവനു "യേശു കർത്താവ്"എന്നു പറയുവാൻ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമില്ല. മറിച്ച് സംസാരശേഷി മതിയാകും. എന്നാൽ "പരിശുദ്ധാത്മാവിലല്ലാതെ ആർക്കും കഴിയുകയില്ല" എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ഒരു വ്യക്തി സ്വയത്തെ ത്യജിച്ച് യേശുവിനെ തന്റെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിച്ചു ജീവിതം പൂർണ്ണമായി ക്രിസ്തുവിനു വിധേയപ്പെടുത്തിയിട്ടു യേശു 'കർത്താവ്' അല്ലെങ്കിൽ യേശു എന്റെ കർത്താവ് എന്നു പറയുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താലാണ്. എന്തെന്നാൽ പരിശുദ്ധാത്മാവാണ് ഒരു വ്യക്തിയുടെ സ്വയത്തെ ത്യജിക്കുവാനും യേശുവിനെ കർത്താവായി അംഗീകരിക്കുവാനും സഹായിക്കുന്നത്.

2. *ആത്മാർത്ഥതയില്ലാത്ത വിളി:* യേശുവിനെ "കർത്താവെ, കർത്താവെ" എന്നു വെറുതെ വിളിക്കുന്നതുകൊണ്ടു അവൻ ആരെയും സ്വീകരി ക്കുന്നില്ല. മറിച്ച് തന്നെ "കർത്താവെ" "കർത്താവെ" എന്നു വിളിക്കു ന്നവർ അവനോടു അനുസരണമുള്ളവരായിരിക്കണം എന്നാണ് യേശു ആവശ്യപ്പെടുന്നത്. അതുകൊണ്ടാണ് തന്റെ അടുക്കൽ വന്നു വചനം കേട്ട ചിലരോട് "നിങ്ങൾ എന്നെ "കർത്താവെ, കർത്താവെ" എന്നു വിളിക്കുകയും ഞാൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യു ന്നത് എന്ത്" എന്നു യേശു ചോദിച്ചത് (ലൂക്കൊസ് 6: 46).

3. *ആത്മാർത്ഥതയില്ലാത്ത പ്രവൃത്തി:* കർത്താവിന്റെ നാമത്തിൽ അനേകം വൻകാര്യങ്ങളെ ചെയ്തു എന്ന് അവകാശപ്പെടുന്നവരെയും അവൻ അംഗീകരിക്കുന്നില്ല. അതുകൊണ്ടാണ് "കർത്താവെ കർത്താവെ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമ ത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ?" എന്നു ചിലർ അവകാശപ്പെടുമ്പോൾ "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവൃത്തിക്കുന്നവരെ എന്നെവിട്ടു പോകുവിൻ" എന്നു യേശുക്രിസ്തു കല്പിക്കുവാൻ കാരണം (മത്തായി 7:22-23).

യേശുവിനോട് "കർത്താവെ കർത്താവെ" എന്നു പറയുന്നതു കൊണ്ടോ, 'കർത്താവെ' എന്നു വിളിക്കുന്നതുകൊണ്ടോ, കർത്താവിന്റെ നാമത്തിൽ അനേകം വൻകാര്യങ്ങൾ ചെയ്യുന്നതുകൊണ്ടോ അവൻ ആരെയും അംഗീകരിക്കുന്നില്ല. തന്നെയുമല്ല ഇതെല്ലാം അവന്റെ കർതൃത്വത്തെ നിഷേധിക്കുന്ന ഘടകങ്ങളുമാണ്. എന്നാൽ യേശുവിന്റെ കർതൃത്വം അംഗീകരിക്കുന്നതിനുള്ള മാർഗ്ഗം യേശു തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് അത് എന്താണെന്നു പരിശോധിക്കാം.

## V. കർതൃത്വം അംഗീകരിക്കുന്നതിനുള്ള മാർഗ്ഗം

1. *എല്ലാവരിലും എല്ലാറ്റിലും അധികസ്നേഹം:* (മത്തായി 10:37; ലൂക്കൊസ് 14:26) സ്വന്തമായതിലും സ്വന്തക്കാരിലും സ്വന്തജീവനിലും അധികമായി യേശുവിനെ സ്നേഹിപ്പാൻ മനസ്സുള്ളവർക്കു മാത്രമേ അവനെ കർത്താവായി കൈക്കൊണ്ട് അനുസരിച്ച് അനുഗമിക്കുവാൻ കഴികയുള്ളു. (യോഹന്നാൻ 14: 15,21,23). ഇങ്ങനെ യേശുക്രിസ്തുവിനെ അനുസരിച്ച് അനുഗമിക്കുന്നതിനു തടസ്സമാകുന്ന ജോലി, ഇടപാടുകൾ, ബന്ധങ്ങൾ-എത്ര പ്രിയപ്പെട്ടതായാലും - ഇവയെല്ലാം പൂർണ്ണമായും ത്യജിക്കേണ്ടിവരും.
2. *തന്നെത്താൻ ത്യജിക്കണം:* (മത്തായി 16:24) "തന്നെത്താൻ ത്യജിച്ച്" എന്നതിൽനിന്നും ഒരാളുടെ ജീവിതത്തിൽ ആ വ്യക്തിക്കുള്ള അധികാരം പൂർണ്ണമായി യേശുക്രിസ്തുവിനു സമർപ്പിക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. വേറൊരു വിധത്തിൽ പറഞ്ഞാൽ ഒരാളുടെ ജീവിതത്തിന്റെ നിയന്ത്രണം യേശുക്രിസ്തുവിനു വിട്ടുകൊടുത്തുകൊണ്ട് അവന്റെ അധികാരത്തിനു പൂർണ്ണമായി വിധേയപ്പെട്ടിരിക്കുക എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജീവിതത്തെ ഭരിക്കുവാൻ കർത്താവിനെ അനുവദിക്കുക എന്നാണ്. സ്വയത്തെ ത്യജിക്കുക എന്നതുകൊണ്ടു അവിടുന്ന് ആഗ്രഹിക്കുന്നത്.
3. *ക്രൂശ് എടുക്കണം:* (മത്തായി 16:24) "തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ" എന്നത് ചില രോഗങ്ങളെയോ മാനസിക പിരിമുറുക്കത്തെയോ ജീവിതഭാരത്തെയോ ഉദ്ദേശിച്ചല്ല, മറിച്ച് ദൈവപുത്രന് ഈ ലോകം കൊടുത്ത നിന്ദയുടെയും പരിഹാസത്തിന്റെയും കഷ്ടതയുടെയും അപമാനത്തിന്റെയും അടയാളമാണ് ക്രൂശ്. അതുകൊണ്ട് ഒരുവൻ യേശുക്രിസ്തുവിനെ അനുഗമിക്കുമ്പോൾ അവന്റെ മേൽ ഈ ലോകം ചൊരിയുന്ന നിന്ദ, അപമാനം, പരിഹാസം, കഷ്ടത, മരണം എന്നിവയെ സ്വമേധയാ വഹിച്ചുകൊണ്ട് ക്രിസ്തു ആഗ്രഹിക്കുന്ന പാതയിലൂടെ ജീവിക്കണമെന്നാണ് ഇതിനർത്ഥം.
4. *ക്രിസ്തുവിനെ അനുഗമിക്കണം:* (മത്തായി 16:24) "എന്നെ അനുഗമിക്കട്ടെ" എന്നതു ശിഷ്യന്മാർക്കുള്ള ആജ്ഞയാണ്. മാത്രമല്ല ഗുരു പോകുന്നിടത്ത് അവന്റെ പിന്നാലെ പോകുകയെന്നത് ഏതൊരു ശിഷ്യന്റെയും സ്വാഭാവിക ആഗ്രഹവുമാണ്. തന്നെയുമല്ല, അവനെ അനുഗമിക്കുന്നവർക്കാണ് അവൻ നിത്യജീവനും നിത്യവിശ്രമവും കൊടുക്കുന്നത്. വ്യക്തമായി പറഞ്ഞാൽ ഒരുവൻ ക്രിസ്തുവിനെ അനുഗമിച്ചതിനു ശേഷമല്ല, മറിച്ച് അനുഗമിക്കുവാൻ യഥാർത്ഥമായി തീരുമാനമെടുക്കുമ്പോൾ തന്നെയാണ് അവനു നിത്യജീവൻ ലഭിക്കുന്നത്. അതുകൊണ്ടാണ് "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു... അവ എന്നെ അനുഗമിക്കുകയും... ഞാൻ അവയ്ക്കു

നിത്യജീവൻ” കൊടുക്കുകയും ചെയ്യുന്നുവെന്നു യേശു പറഞ്ഞത് (യോഹന്നാൻ 10:27,28). എന്നാൽ യേശുക്രിസ്തുവിന്റെ കർതൃത്വത്തെ നിഷേധിക്കുന്നവർക്കുള്ള ന്യായവിധിയെക്കുറിച്ചും വചനം പറയുന്നുണ്ട്.

## VI. കർതൃത്വത്തെ നിഷേധിക്കുന്നവർക്കുള്ള ശിക്ഷ

യേശുക്രിസ്തു എല്ലാവരുടെയും കർത്താവാകുന്നു എന്നുള്ള വസ്തുത തന്റെ ജീവിതത്തിലൂടെയും ഉപദേശത്തിലൂടെയും തെളിയിക്കപ്പെട്ടതും തന്റെ ഉയിർത്തെഴുന്നേല്പിലൂടെ നിർണ്ണയിക്കപ്പെട്ടതും സുവിശേഷ സന്ദേശത്തിലൂടെ വ്യക്തമാക്കപ്പെട്ടതുമാണ്. അതുകൊണ്ട് എല്ലാവരും അവനെ ജീവിതത്തിന്റെ കർത്താവായി, വ്യക്തിപരമായി അംഗീകരിച്ചേ മതിയാകൂ. യേശുക്രിസ്തുവിന്റെ കർതൃത്വത്തെ അംഗീകരിക്കാതെയിരിക്കുന്ന വ്യക്തി യേശുവിന്റെ കർതൃത്വത്തെ നിഷേധിക്കുകയാണ്. ദൈവപുത്രനെ കർത്താവായി വന്ദിക്കുവാൻ മനസ്സില്ലാത്തവൻ അവനെ നിന്ദിക്കുന്നവരുടെ കൂട്ടത്തിലാണ്. ഒന്നുകിൽ വന്ദിക്കുക അല്ലെങ്കിൽ നിന്ദിക്കുക. ഇതിനു മദ്ധ്യേ ഒരിടമില്ല. എന്നാൽ യേശുക്രിസ്തുവിന്റെ കർതൃത്വത്തെ ഇന്നു നിഷേധിക്കുന്നവർ ഒരുനാളിൽ അവനെ തങ്ങളുടെ കർത്താവായി ഏറ്റുപറയേണ്ടിവരും (ഫിലിപ്പിയർ 2:10–11). പക്ഷേ സമയം വളരെ വൈകിയിരിക്കും. അന്ന് അവനെ കർത്താവായി ഏറ്റുപറഞ്ഞിട്ടു നിത്യന്യായവിധിയിലേക്കാണു പോകേണ്ടി വരിക.

യേശുവിന്റെ കർതൃത്വത്തെ നിന്ദിക്കുന്നവരെക്കുറിച്ചാണ് “നീതികെട്ടവരെ, വിശേഷാൽ.... കർതൃത്വത്തെ നിന്ദിക്കുകയും ചെയ്യുന്നവരെ... ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി” സൂക്ഷിപ്പാൻ കർത്താവിന് അറിയാമെന്ന് പത്രൊസ് പറയുന്നത് (2 പത്രൊസ് 2:9–10). ദൈവത്തിന്റെ സർവ്വാധികാരത്തോടു മറുതലിച്ച മനുഷ്യർക്കും ദൂതന്മാർക്കും ലഭിച്ച അതേ ന്യായവിധി തന്നെയാണ് യേശുവിന്റെ “....കർതൃത്വത്തെ തുച്ഛീകരിക്കയും”...അധികാരത്തെ ദുഷിക്കുകയും ചെയ്യുന്നവർക്കു ലഭിക്കുവാൻ പോകുന്നതെന്നാണു യൂദാ പറയുന്നത് (യൂദാ. 6–8).

◆◆◆

## അദ്ധ്യായം 4

# സ്നാനവും വേർപാടും

ഒരു വ്യക്തി മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിനെ കർത്താവായി വിശ്വസിച്ച് ആരംഭിക്കുന്ന ജീവിതത്തിന് ഒരു ആരംഭക്രമമുണ്ട്. ഇതിനെ ക്രിസ്തീയ ജീവിതാരംഭക്രമമെന്നു പറയാം.

ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ ആഗ്രഹിക്കുന്നവൻ ക്രിസ്തുവിന്റെ വചനം അനുസരിക്കേണ്ടതുണ്ട്. എന്നാൽ വചനം അനുസരിക്കുന്നവൻ വചനപ്രകാരമുള്ള ക്രമത്തിൽത്തന്നെ അനുസരിക്കണമെന്നാണു കർത്താവിന്റെ നിർണ്ണയം. അങ്ങനെയെങ്കിൽ കർത്താവിനെ അനുസരിക്കുവാൻ ആഗ്രഹിക്കുന്നവർ പാലിക്കേണ്ട ക്രമം എന്താണെന്ന് ആദ്യം അറിയേണ്ടതുണ്ട്.

അപ്പൊസ്തലനായ പൗലൊസിന്റെ ഭാഷയിൽ, വചനം കേൾക്കണം, വചനം വിശ്വസിക്കണം, കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കണം. ഈ

കാര്യങ്ങളാണു ക്രമത്തിൽ ചെയ്യേണ്ടത് (റോമർ 10:14-15), അപ്പൊസ്തലിക കാലഘട്ടത്തിലുടനീളം ഈ ക്രമത്തിലാണു ജനം കർത്താവിനെ അനുസ രിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അപ്പൊസ്തലനായ പത്രൊസിന്റെ പ്രസംഗ ത്തോടുള്ള ബന്ധത്തിൽ, യഹൂദന്മാർ വചനം കേട്ടു എന്നും (അ.പ്ര. 2:38) വചനം കേട്ടവർ അവന്റെ വാക്കു കൈക്കൊണ്ടു (വിശ്വസിച്ചു) എന്നും (അ. പ്ര. 2:41) വിശ്വസിച്ചവർ സ്നാനമേറ്റു എന്നും കാണുന്നത് (അ.പ്ര. 2: 41).

തുടർന്ന് ഫിലിപ്പൊസിന്റെ പ്രസംഗത്തോടുള്ള ബന്ധത്തിൽ ശമര്യർ ശ്രദ്ധിച്ചുകൊണ്ടിരുന്നു എന്നും (അ.പ്ര. 8:6), ശമര്യരിൽ പലരും വിശ്വസിച്ചു എന്നും (8:12); വിശ്വസിച്ചവർ സ്നാനം ഏറ്റു എന്നും (8:12) കാണുന്നു.

അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയയിൽ വചനം സംസാരിച്ച പ്പോൾ ദൈവഭക്തയായ ഒരു സ്ത്രീ കേട്ടുകൊണ്ടിരുന്നതായും (അ.പ്ര. 16: 14) കർത്താവ് അവളുടെ ഹൃദയം തുറന്നതായും (അവൾ വിശ്വസിച്ചു) (16:14) വിശ്വസിച്ചവർ സ്നാനം ഏറ്റതായും കാണുന്നു.(16:15).

പൗലൊസ് കൊരിന്തിൽ വചനം സംസാരിച്ചപ്പോൾ അനേകർ വചനം കേട്ടു എന്നും (അ.പ്ര. 18:8); അനേകർ വചനം വിശ്വസിച്ചു എന്നും (18:8) വിശ്വസിച്ചവർ സ്നാനം എറ്റു എന്നും (18:8) കാണുന്നു. കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ വചനം കേൾക്കണം, വചനം കേട്ടിട്ടു വിശ്വസിക്കണം. വിശ്വസിച്ചവർ സ്നാനം ഏല്ക്കണം. ഇതാണു കർത്താവി നായുള്ള ജീവിതത്തിന്റെ ആരംഭക്രമം.

കർത്താവിനെ അനുഗമിക്കുന്നവരോടുള്ള ബന്ധത്തിൽ ഇവിടെ കാണുന്ന ക്രമം പ്രധാനപ്പെട്ടതായിരിക്കുന്നതുപോലെതന്നെ, ക്രമത്തിൽ ചെയ്യേണ്ട ഓരോ കാര്യവും പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് അതിൽ ഒന്നായ സ്നാനത്തെക്കുറിച്ചു ചുരുക്കമായി ചിന്തിക്കാം.

ഒരാൾ മാനസാന്തരപ്പെട്ടു വിശ്വസിച്ചു സ്നാനമേറ്റതുകൊണ്ട് കർത്താ വിനുവേണ്ടിയുള്ള ജീവിതം പൂർണ്ണമാകുകയില്ല. പിന്നെയോ യേശുക്രിസ്തു വിനുവേണ്ടിയുള്ള ജീവിതത്തിന്റെ ആദ്യപടി ആരംഭിക്കുകയാണ്. ഇങ്ങനെയുള്ള ആരംഭത്തിൽ സ്നാനത്തിന് നിർണ്ണായകമായ ഒരു പങ്കുണ്ട്.

## I. സ്നാനം ഏല്ക്കുന്നതിന്റെ ആവശ്യം

കർത്താവിൽ വിശ്വസിക്കുന്നവൻ സ്നാനമേല്ക്കണമെന്നായിരുന്നു കർത്താവിന്റെ നിർണ്ണയം. അതുകൊണ്ടാണു രക്ഷയുടെ വ്യവസ്ഥയോടൊപ്പം സ്നാനത്തെ പരാമർശിച്ചുകൊണ്ട് “വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” എന്നു കർത്താവ് പറഞ്ഞത് (മർക്കൊസ് 16:16).

ഒരുവൻ ആന്തരികമായി യേശുക്രിസ്തുവിനോടു ചേർന്നതിന്റെ സാക്ഷ്യവും അവനു ദൈവപുത്രനിലുള്ള വിശ്വാസത്തിന്റെ ആദ്യ തെളിവു മാണ് സ്നാനം. വേറൊരു വിധത്തിൽ പറഞ്ഞാൽ യേശുക്രിസ്തുവിനെ ഒരാൾ കർത്താവായി അംഗീകരിച്ചു എന്നതിന്റെ പ്രഥമവും പ്രത്യക്ഷവുമായ അട യാളമാണു സ്നാനം. (അ.പ്ര. 8:35-38). മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു നാളിൽ സ്വയത്തിനും, ലോകത്തിനും, പാപത്തിനും വേണ്ടി ജീവിച്ചവൻ അതു വിട്ടു ഇനി മുതൽ യേശുക്രിസ്തുവിനുവേണ്ടി ജീവിക്കുന്നു എന്നതിന്റെ പരസ്യ പ്രഖ്യാപനമാണു സ്നാനം. വിശ്വസിക്കുന്നവന് ആന്തരികമായി സംഭ

വിച്ചതെല്ലാം ബാഹ്യമായി വെളിപ്പെടുത്തുകയാണ് സ്നാനത്തിലൂടെ ചെയ്യുന്നത്. ചുരുക്കത്തിൽ, യേശുക്രിസ്തുവിന്റെ മരണം,അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയിൽ ഒരാൾക്കുള്ള വിശ്വാസത്തിന്റെയും താൻ അതിനോട് ഏകീഭവിച്ചതിന്റെയും സാദൃശ്യമാണ് സ്നാനത്തിൽ കാണുന്നത് (റോമർ 6:3-5; കൊലൊസ്സ്യർ 2:12).

## II. സ്നാനം ഏല്ക്കുന്ന വ്യക്തി

സ്നാനം ആർക്കുള്ളതാകുന്നു? ആരാണു സ്നാനം ഏൽക്കേണ്ടത്? ശിശുക്കളെയാണു സ്നാനം കഴിപ്പിക്കേണ്ടതെന്നു ചിലർ പറയുമ്പോൾ, ശിശുക്കളെയല്ല പിന്നെയോ പ്രായമുള്ളവരെയാണു സ്നാനം കഴിപ്പിക്കേണ്ടതെന്നു വേറെ ചിലർ പറയുന്നു. ഇതിൽ ഏതാണു ശരി? വചനത്തിന്റെ അടിസ്ഥാനത്തിൽ ശിശുക്കളെ സ്നാനം കഴിപ്പിക്കാൻ കല്പനയുള്ളതായിട്ടോ ആരെങ്കിലും ശിശുക്കളെ സ്നാനം കഴിപ്പിച്ചതായിട്ടോ കാണുന്നില്ല. അതുപോലെതന്നെ പ്രായമുള്ളവരെ സ്നാനം കഴിപ്പിക്കണമെന്നോ, പ്രായമായതുകൊണ്ട് ആരെങ്കിലും സ്നാനം ഏറ്റതായോ വചനത്തിൽ കാണുന്നില്ല. എന്നാൽ വിശ്വസിക്കുന്നവരെ സ്നാനം കഴിപ്പിക്കണമെന്നും വിശ്വസിച്ചവർ സ്നാനം ഏൽക്കണമെന്നും വചനം പറയുന്നുണ്ട്. അതുകൊണ്ടാണു "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ" എന്നു കർത്താവും (മർക്കൊസ് 16:16) "പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ" സ്നാനം ഏല്ക്കാം എന്നു ഫിലിപ്പൊസും (അ.പ്ര. 8:37) വചനം കേട്ടു വിശ്വസിച്ചവരെ "യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ" പത്രൊസും പറഞ്ഞത് (അ.പ്ര. 11:48).

മാത്രമല്ല "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു" എന്നും (അ.പ്ര. 2:41) "വചനം കേട്ടു വിശ്വസിച്ചു സ്നാനം എറ്റു" എന്നും (അ.പ്ര. 18:8) വചനത്തിൽ കാണുന്നു.

## III. സ്നാനം ഏല്ക്കുന്നതിനുള്ള സമയം

ഒരാൾ കർത്താവിൽ വിശ്വസിച്ചതിനുശേഷം സ്നാനം ഏല്ക്കുന്നതിന് എത്രനാൾ കഴിയണം? വിശ്വസിച്ചതിനുശേഷം സ്നാനം ഏല്ക്കുന്നതിനു നിശ്ചിത സമയമോ സമയപരിധിയോ വചനത്തിൽ കാണുന്നില്ല. എന്നാൽ അപ്പൊസ്തലന്മാരുടെ കാലഘട്ടത്തിൽ, സഭയുടെ ആരംഭത്തിൽ വിശ്വസിച്ച ദിവസംതന്നെ സ്നാനം ഏറ്റതായും (അ.പ്ര. 2:41). വേറൊരു സന്ദർഭത്തിൽ, വിശ്വസിച്ച ഉടനെ സ്നാനം ഏറ്റതായും (അ.പ്ര. 9:17-18), വിശ്വസിച്ച രാത്രിയിൽത്തന്നെ സ്നാനം ഏറ്റതായും (അ.പ്ര. 16:31-35) രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് അപ്പൊസ്തലിക കാലഘട്ടത്തിലെ മാതൃക പിന്തുടരുന്നതാണ് നമുക്ക് ഉചിതം.

## IV. സ്നാനം ഏറ്റാൽ എന്തു സംഭവിക്കുന്നു?

യേശുവിനെ കർത്താവായി വിശ്വസിച്ചു സ്നാനം ഏറ്റാൽ എന്തുഭവിക്കും എന്നോർത്തു ഭാരപ്പെടുന്നവരുണ്ട്. എന്നാൽ എന്തുഭവിക്കും എന്നോർത്തു ഭാരപ്പെടേണ്ടതില്ല. കാരണം സ്നാനാനന്തരം സംഭവിക്കുന്നത് എന്താണെന്നു വചനത്തിൽ കാണുന്നുണ്ട്. ഒരു വ്യക്തി വിശ്വസിച്ചു സ്നാനം ഏല്ക്കുമ്പോൾ ആ വ്യക്തിയിൽ സന്തോഷം ഉണ്ടാകുകയും (അ.പ്ര. 8:38-39) ഒരു കുടുംബത്തിലുള്ള എല്ലാവരും വിശ്വസിച്ചു സ്നാനം ഏല്ക്കുമ്പോൾ ആ കുടുംബത്തിൽ ആനന്ദം ഉണ്ടാകുന്നതായും (അ.പ്ര. 16:34) വിശ്വസിച്ചു സ്നാനം ഏറ്റ

വരെല്ലാം വചനപഠനത്തിനും കൂട്ടായ്മക്കുമായി ഒരുമിച്ചുകൂടുന്ന സഭയിൽ ഉല്ലാസം ഉണ്ടാകുന്നതായും വചനം പറയുന്നുണ്ട് (അ.പ്ര. 2: 41–42; 46, 47).

## വേർപാട്

മാനസാന്തരപ്പെട്ടു വിശ്വസിക്കുന്നവനിൽ, സ്നാനത്തോടൊപ്പം നടക്കുന്ന മറ്റൊന്നാണു വേർപാട്. ഒരുവൻ വിശ്വസിക്കുന്നതിനുമുമ്പ് അവനുണ്ടായിരുന്ന വചനവിരുദ്ധമായ ജീവിതരീതി, ബന്ധങ്ങൾ, കൂട്ടായ്മ, ആചാരങ്ങൾ, ആരാധനകൾ എന്നിവയെ എന്നെന്നേക്കുമായി വിട്ട്, വിശ്വസിച്ചു സ്നാനമേറ്റവരോടു ചേർന്നു, വചനാനുസൃതമായ ഒരു പുതിയ ജീവിതം നയിക്കുവാനായി ഒരിക്കൽ എന്നന്നേക്കുമായി തിരിയുന്നതാണു വേർപാട്.

വേർപാടിനെക്കുറിച്ചു വളരെ വ്യക്തമായി പഠിപ്പിക്കുന്ന ഒരു പുതിയ നിയമഭാഗമാണ് 2 കൊരിന്ത്യർ 6–ാം അദ്ധ്യായം. അവിടെ 14 മുതൽ 16 വരെ വാക്യങ്ങളിൽ ഒരു വിശ്വാസിക്ക് അവിശ്വാസിയുമായി കൂട്ടായ്മ ബന്ധം അസാദ്ധ്യമാണെന്നും അതുകൊണ്ടു വിശ്വാസി അവിശ്വാസിയിൽനിന്നു വേർപെടേണ്ടത് ആവശ്യമാണെന്നുമാണ് പൗലൊസ് പറയുന്നത്. അങ്ങനെയെങ്കിൽ വേർപാടിന്റെ ആവശ്യമെന്താണെന്നു തുടർന്നു നോക്കാം.

### 1. വേർപാടിന്റെ ആവശ്യം

1. ശിക്ഷയിൽനിന്നു വിടുവിക്കപ്പെടേണ്ടതിനു വേർപാട് ആവശ്യമാണ്. അവിശ്വാസിയിൽനിന്നു വേർപെടുന്നവർക്കാണ് ന്യായവിധിയിൽനിന്നു വിടുതലുള്ളത്.

ദൈവത്തിനു വിരോധമായ ബാബേലിനെ ശിക്ഷിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ, ദൈവജനമായ യിസ്രായേൽ, ആ ശിക്ഷയിൽനിന്നു വിടുവിക്കപ്പെടേണ്ടതിന് അവിശ്വാസികളായ ബാബിലോന്യരെ വിട്ടുപോരേണ്ടിയിരുന്നു – വേർപെടേണ്ടിയിരുന്നു (2 കൊരിന്ത്യർ 6:16,17 ഒ.നോ. യെശയ്യാവ് 52:11; യിരെമ്യാവ് 51:6).

വേറൊരു ഭാഗത്ത് ഈ ലോകവ്യവസ്ഥിതിയെ ഒരു വേശ്യാസ്ത്രീയോടാണു വചനം ഉപമിച്ചിരിക്കുന്നത്. അതുകൊണ്ട് അവളുടെ പാപങ്ങളിൽ കൂട്ടാളിയാകാതിരിക്കേണ്ടതിനും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതിരിക്കേണ്ടതിനും അവളെ വിട്ടുപോരുവാനുള്ള – വേർപെടുവാനുള്ള ആഹ്വാനമാണു ദൈവം തന്റെ ജനത്തിനു കൊടുക്കുന്നത്(വെളിപ്പാട് 18:1–4). മറ്റൊരു ഭാഗത്ത് “നീതിമാനായ ലോത്തിന്റെ” വേർപാടിനെക്കുറിച്ചു കാണുന്നുണ്ട്. സോദോം പട്ടണത്തിനുമേൽ വന്ന ദൈവത്തിന്റെ ന്യായവിധിയിൽനിന്നു രക്ഷിക്കപ്പെടുവാൻ, “നീതിമാനായ ലോത്തിനു” സോദോമിൽ നിന്നു വേർപെടേണ്ടിയിരുന്നു (ഉല്പത്തി 19:14).

വേർപാടിന്റെ ആവശ്യകത വീണ്ടും യിസ്രായേൽമക്കളോടുള്ള ബന്ധത്തിൽ കാണുവാൻ കഴിയും. ദൈവഭാഗത്തുള്ളവർ ദുഷ്ടമനുഷ്യരോടുകൂടെ നശിക്കാതിരിക്കേണ്ടതിനു ദുഷ്ടമനുഷ്യരുടെ കൂടാരങ്ങളിൽനിന്നു വിട്ടുപോരുവാനാണു ദൈവം മോശെ മുഖാന്തരം അരുളിച്ചെയ്തത്.

(സംഖ്യാ. 16:26). അങ്ങനെ വിട്ടുപോന്നവർക്ക് - വേർപെട്ടവർക്കു മാത്രമാണു ന്യായവിധിയിൽനിന്നു രക്ഷിക്കപ്പെടുവാൻ കഴിഞ്ഞത്.

2. ദൈവത്താൽ സ്വീകരിക്കപ്പെടേണ്ടതിനും ദൈവവുമായി പിതൃപുത്ര ബന്ധം സ്ഥാപിക്കപ്പെടേണ്ടതിനും വേർപാട് ആവശ്യമാണ്. അതുകൊണ്ടാണ് "അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ.... എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കുമെന്നു" കർത്താവ് അരുളിച്ചെയ്തത് (2 കൊരി. 6:17-18). അവിശ്വാസികൾ പിശാചെന്ന പിതാവിന്റെ മക്കളാണ് (യോഹന്നാൻ 8: 44). എന്നാൽ വിശ്വസിച്ചു വേർപെടുന്നവരെ ദൈവം സ്വീകരിക്കുന്നു. അതിന്റെ ഫലമായി ദൈവം അവർക്കു പിതാവും, അവർ അവന് മക്കളും ആകുന്നു. തന്മൂലം പിതാവിന്റെ സ്നേഹം, അനുഗ്രഹം, കൂട്ടായ്മ, സമ്പത്ത്, സംരക്ഷണം എന്നിവ വേർപെടുന്നവർക്കു ലഭിക്കുന്നു.

◆◆◆

## അദ്ധ്യായം 5

# രക്ഷയുടെ നിർണ്ണയം

രക്ഷാനിർണ്ണയത്തെക്കുറിച്ചു വിവിധ വിഭാഗങ്ങൾക്കു വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ഒരാൾക്കു യേശുവിൽ വിശ്വാസമുണ്ടെങ്കിൽ അയാൾ രക്ഷിക്കപ്പെടുമെന്നു ചിലർ പറയുമ്പോൾ, യേശുവിനെ വിശ്വസിക്കുകമാത്രം ചെയ്താൽ ആരും രക്ഷിക്കപ്പെടുകയില്ലെന്നും മറിച്ച് യേശുവിനെ 'സ്വന്ത രക്ഷിതാവായി വിശ്വസിച്ചാൽ' മാത്രമാണു രക്ഷിക്കപ്പെടുകയുള്ളു എന്നാണു വേറെ ചിലർ പറയുന്നത്. എന്നാൽ യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചതുകൊണ്ടു മാത്രം രക്ഷ ഉറപ്പാക്കാൻ കഴിയുകയില്ലെന്നും മറിച്ച് ഇതുപോലെ വിശ്വസിക്കുമ്പോൾ തന്നെയോ പിന്നീടോ ഇക്കാര്യം പരസ്യമായി ഏറ്റുപറയണമെന്നും അങ്ങനെ ഏറ്റുപറഞ്ഞിട്ടുണ്ടെങ്കിൽ മാത്രമേ രക്ഷ ഉറപ്പാക്കാൻ കഴിയുകയുള്ളൂ എന്നാണു മറ്റു ചിലർ പറയുന്നത്. എന്നാൽ ഇതുപോലെ ചെയ്തതുകൊണ്ടൊന്നും രക്ഷാനിർണ്ണയം സാദ്ധ്യമല്ലെന്നും മറിച്ചു വിശ്വസിച്ച് ഏറ്റുപറഞ്ഞ ദിവസമോ സന്ദർഭമോ ഇപ്പോൾ ഓർമ്മയുണ്ടെങ്കിൽ മാത്രമേ രക്ഷിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ എന്നു പറയുന്നവരും ഉണ്ട്. എന്നാൽ വചനം എന്തു പറയുന്നു? ഒരാൾ രക്ഷാനിർണ്ണയം പ്രാപിക്കേണ്ടത് എങ്ങനെയെന്നാണ് തിരുവെഴുത്തിൽ കാണുന്നത്?

രക്ഷാനിർണ്ണയത്തിനു രണ്ടു വശങ്ങൾ ഉള്ളതായിട്ടു വചനത്തിൽ കാണുന്നു. ഒന്ന് ദൈവികവും മറ്റൊന്ന് മാനുഷികവും. വചനത്തിലൂടെ ദൈവം നല്കിയ വാഗ്ദത്തത്തിന്റെ അടിസ്ഥാനത്തിലും വാഗ്ദത്തം സ്വീകരിച്ചു എന്നു പറയുന്ന വ്യക്തിയുടെ ഇപ്പോഴത്തെ ജീവിതത്തിന്റെ അടിസ്ഥാനത്തിലുമാണ് രക്ഷാനിർണ്ണയം വരുത്തേണ്ടതെന്നാണ് തിരുവെഴുത്തു പഠിപ്പിക്കുന്നത്.

എന്നാൽ രക്ഷാനിർണ്ണയം പ്രാപിക്കണമെങ്കിൽ 'രക്ഷിക്കപ്പെടുക' എന്നതിന്റെ അർത്ഥം എന്താണെന്ന് ആദ്യം അറിയണം.

## I. രക്ഷിക്കപ്പെടുക എന്നാൽ എന്ത്?

'രക്ഷിക്കപ്പെടുക' എന്നതുകൊണ്ടു പാപശിക്ഷയിൽനിന്നും എന്നേക്കുമായി വിടുവിക്കപ്പെടുകയെന്നാണ് ബൈബിൾ സാധാരണയായി അർത്ഥമാക്കുന്നത്. പാപശിക്ഷയിൽനിന്നുള്ള വിടുതലിനെ തന്നെയാണു പാപമോചനം എന്നു പറയുന്നത്.

എന്നാൽ വചനം ത്രികാലരക്ഷയെയും പഠിപ്പിക്കുന്നുണ്ട്. കർത്താവായ യേശുവിൽ വിശ്വസിക്കുന്ന നിമിഷംതന്നെ ഒരു വ്യക്തി പാപശിക്ഷയിൽനിന്നു വിടുവിക്കുന്നു. തുടർന്നു ക്രിസ്തുവിന്റെ ആത്മാവിനെ അനുസരിച്ചുനടക്കുമ്പോൾ പാപശക്തിയിൽനിന്നു രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ തന്നിൽ വിശ്വസിക്കുന്നവരെ ചേർക്കാൻ യേശു സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനാകുമ്പോൾ വിശ്വാസി പാപസാന്നിദ്ധ്യത്തിൽനിന്നു രക്ഷിക്കപ്പെടും.

മറ്റൊരു  വിധത്തിൽ പറഞ്ഞാൽ ഒരുവൻ മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവായി അംഗീകരിച്ച നിമിഷത്തിൽത്തന്നെ അവന്റെ ആത്മാവു പാപശിക്ഷയിൽനിന്നും രക്ഷിക്കപ്പെട്ടു. തുടർന്നു ക്രിസ്തുവിനെ അനുസരിച്ചുള്ള ജീവിതത്തിൽ തന്റെ ദേഹി പാപശക്തിയിൽനിന്നും രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇനി തന്നെ ചേർക്കാൻ കർത്താവു വരുമ്പോൾ ദേഹം പാപസാന്നിദ്ധ്യത്തിൽനിന്നും രക്ഷിക്കപ്പെടും. ഇതിനെയാണു ത്രികാല രക്ഷയെന്നു പറയുന്നത്.

## I. രക്ഷിക്കപ്പെട്ടു എന്ന് എങ്ങനെ ഉറപ്പാക്കാം?

1. *രക്ഷയുടെ വാഗ്ദത്തത്തിന്റെ അടിസ്ഥാനത്തിൽ:* രക്ഷ ദൈവത്തിന്റെ വാഗ്ദത്തമാണ്. അതു ദാനമായിട്ടാണ് മനുഷ്യനു ലഭിക്കുന്നത്. ഈ ദാനം സ്വീകരിക്കാൻ മനസ്സുള്ളവൻ അംഗീകരിക്കേണ്ട വ്യവസ്ഥയെക്കുറിച്ചു വചനം പറയുന്നുണ്ട്. അങ്ങനെയുള്ള വ്യവസ്ഥപ്രകാരം രക്ഷാദാനം സ്വീകരിച്ചവർക്ക്, രക്ഷ ഉറപ്പാണെന്നാണ് വചനം പറയുന്നത്. അതുകൊണ്ടാണ് "അവനെ കൈകൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" എന്നു കാണുന്നത് (യോഹന്നാൻ 1:12). മാത്രമല്ല "അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും" എന്നും (അ.പ്ര. 10:43) 'പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്" എന്നും (യോഹന്നാൻ 3:36) "എന്റെ വചനം  കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്" (യോഹന്നാൻ 5:24) എന്നും "യേശുവിനെ കർത്താവ് എന്നു വായ്കൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും എന്നാണ് (റോമർ 10:9) വചനത്തിൽ കാണുന്നത്.

മാത്രമല്ല ഈ രക്ഷാവാഗ്ദത്തം വിശ്വാസം എന്ന ദൈവികവ്യവസ്ഥപ്രകാരം (1 തിമൊഥെയൊസ് 1:3) അംഗീകരിച്ചവരോടാണ് "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്" (എഫെസ്യർ 2:8) എന്നും

“അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളികൊണ്ടു വിളിക്കുകയും ചെയ്തത്...” നാം ചെയ്ത നീതി പ്രവൃത്തികളാലല്ല “തന്റെ കരുണ പ്രകാരമത്രേ രക്ഷിച്ചത്” എന്നും അപ്പൊസ്തലൻ പറയുന്നത് (2 തിമൊഥെയൊസ് 1:9; തീത്തൊസ് 3:5). അതുകൊണ്ട്, രക്ഷയുടെ വാഗ്ദത്തം വ്യവസ്ഥപ്രകാരം അംഗീകരിക്കുന്നവർക്കു രക്ഷാനിർണ്ണയം ഉണ്ടാകുന്നു.

2. *വിശ്വസിച്ച വ്യക്തിയുടെ ഇപ്പോഴുള്ള ജീവിതത്തിന്റെ അടിസ്ഥാനത്തിൽ :* തിരുവെഴുത്തു ആഹ്വാനം ചെയ്യുന്ന വിശ്വാസത്തിനുടമയാണ് യഥാർത്ഥ വിശ്വാസി. ഒരു യഥാർത്ഥ വിശ്വാസിയെ എങ്ങനെ തിരിച്ചറിയാമെന്നും വചനം പറയുന്നുണ്ട്.

1. യഥാർത്ഥ വിശ്വാസി പരിശുദ്ധാത്മാവിന്റെ വിവിധ ശുശ്രൂഷ അനുഭവിക്കുന്നു. വിശ്വാസിയെ ദൈവമകൻ എന്നു പരിശുദ്ധാത്മാവു സാക്ഷ്യപ്പെടുത്തുന്നു(റോമർ 8:16), ആത്മാവു നടത്തുന്നു (റോമർ 8:14), വചനം ഗ്രഹിക്കുവാൻ സഹായിക്കുന്നു (യോഹന്നാൻ 16:13), (1 കൊരിന്ത്യർ 2:12), ആത്മാവിന്റെ ഫലമുള്ള ജീവിതം നയിക്കുവാൻ സഹായിക്കുന്നു (ഗലാത്യർ 5:16, 22–23).

2. യഥാർത്ഥ വിശ്വാസി പാപത്തിൽ തുടരുന്നില്ല. അവൻ പാപത്തിൽ രസിക്കുന്നുമില്ല (1 യോഹന്നാൻ 3:9; 5:18) അഥവാ പാപം ചെയ്തു എങ്കിൽ പാപത്തെ പാപമായിത്തന്നെ മനസ്സിലാക്കി അത് ഏറ്റു പറയുകയും (1 യോഹന്നാൻ 1:8–9), അങ്ങനെ തന്നെത്താൻ നിർമ്മലീകരിക്കുകയും ചെയ്യുന്നു. (1 യോഹന്നാൻ 3:3).

3. യഥാർത്ഥ വിശ്വാസി ബാലശിക്ഷ അനുഭവിക്കുന്നു. വിശ്വാസി പാപം ചെയ്യുമ്പോൾ ദൈവം മക്കളോടെന്നപോലെ അവരോട് ഇടപെട്ടു ബാലശിക്ഷ കൊടുക്കുന്നു (എബ്രായർ 12:4–10) അതുകൊണ്ട് അവർ ലോകത്തോടുകൂടെ നശിക്കാതെ ന്യായവിധിയിൽനിന്നും ഒഴിഞ്ഞുപോകുവാൻ ഇടവരുന്നു (1 കൊരിന്ത്യർ 11: 31–32).

4. യഥാർത്ഥ വിശ്വസി ദൈവവചനം കേൾക്കുകയും അത് അനുസരിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് “ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു...” എന്നു യേശുവും (യോഹന്നാൻ 8:47).

   “ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു (വചനം) കേൾക്കുന്നു” എന്ന് അവന്റെ അപ്പൊസ്തലനും പ്രസ്താവിച്ചത് (1 യോഹന്നാൻ 4:6).

5. യഥാർത്ഥ വിശ്വാസി നീതി പ്രവർത്തിക്കുന്നു. അതുകൊണ്ടാണ് “നീതി പ്രവർത്തിക്കാത്തവൻ... ദൈവത്തിൽനിന്നുള്ളവനല്ല” എന്നും (1 യോഹന്നാൻ 3:10) “...നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു...” എന്നും വചനം പറയുന്നത് (1 യോഹന്നാൻ 2:29).

6. യഥാർത്ഥ വിശ്വാസി സഹോദരന്മാരെ സ്നേഹിക്കുന്നു. വിശ്വാസ സമൂഹത്തിൽ ഉൾപ്പെട്ടവരെയാണ് 'സഹോദരന്മാർ' എന്നു വചനം ഉദ്ദേശിക്കുന്നത്. ഒരു വിശ്വാസിയുടെ സ്വാഭാവിക പ്രവണതയാണു സഹവിശ്വാസികളെ സ്നേഹിക്കുകഎന്നത്. മാത്രമല്ല "നാം മരണംവിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം..." എന്നും (1 യോഹന്നാൻ 3:14) "സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു" എന്നും (1 യോഹന്നാൻ 4:7) അപ്പൊസ്തലൻ പറയുന്നു.

7. യഥാർത്ഥ വിശ്വാസി കർത്താവിനെ സ്നേഹിക്കുകയും, അനുസരിക്കുകയും, അനുഗമിക്കുകയും ചെയ്യുന്നു.

*കർത്താവിനെ സ്നേഹിക്കുന്നു:* "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" എന്നും (യോഹന്നാൻ 14:15) എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു എന്നും (യോഹന്നാൻ 14:21), എന്നാൽ "എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല" എന്നും (യോഹന്നാൻ 14:24) യേശുക്രിസ്തു പറഞ്ഞു.

*കർത്താവിനെ അനുസരിക്കുന്നു:* "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്" എന്നും എന്നാൽ പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല" (യോഹന്നാൻ 3:36) എന്നും ക്രിസ്തു പറഞ്ഞു. മാത്രമല്ല "യേശു ദൈവപുത്രനാണെങ്കിലും തന്റെ കഷ്ടാനുഭവത്തിലൂടെ അനുസരണത്തിൽ പൂർണ്ണനായിട്ട് ഇനി "തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രായർ 5:8-9) എന്നും നാം കാണുന്നു.

*കർത്താവിനെ അനുഗമിക്കുന്നു:* "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു... അവ എന്നെ അനുഗമിക്കുകയും... ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു" (യോഹന്നാൻ 10:26-28) എന്നും ക്രിസ്തു പറഞ്ഞു. മാത്രമല്ല "എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ" എന്നും "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24) എന്നും കർത്താവു പറഞ്ഞു.

8. യഥാർത്ഥ വിശ്വാസി വിശ്വാസം നിമിത്തം എതിർപ്പും കഷ്ടവും സഹിക്കുന്നു

എല്ലാറ്റിലും ഉപരിയായി ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരുവനു "മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും" എന്നു യേശു പറഞ്ഞു (മത്തായി 10:36). മാത്രമല്ല ഫിലിപ്പിയിലെ വിശ്വാസികളെക്കുറിച്ച്

“സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു” എന്നും “ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനുംകൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു” എന്നു പൗലൊസ് അപ്പൊസ്തലനും പറയുന്നു (ഫിലിപ്പിയർ 1:27–29,30). അതുപോലെതന്നെ പത്രൊസ് അപ്പൊസ്തലനും “ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ... (1 പത്രൊസ് 4:13) എന്നും ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ” (1 പത്രൊസ് 4:14) എന്നും “ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്” എന്നും (1 പത്രൊസ് 4:16) പറയുന്നു.

കർത്താവായ യേശുവിൽ വിശ്വസിച്ച ഒരു വ്യക്തിക്ക് രക്ഷാനിർണ്ണയം പ്രാപിക്കുവാൻ സഹായമാകുന്ന ചില കാര്യങ്ങളാണിത്.

എന്നാൽ വ്യക്തിജീവിതത്തിന്റെ അടിസ്ഥാനത്തിൽ, ഒരാൾ രക്ഷിക്കപ്പെട്ടതാണോ അല്ലയോ എന്നു തീർച്ചപ്പെടുത്താവുന്ന അതിപ്രധാനവും അപ്പോൾതന്നെ വളരെ വ്യക്തവും ലളിതവുമായ പ്രസ്താവനയാണ് മത്തായി 7:16–18 വാക്യങ്ങളിൽ കാണുന്നത്. അവിടെ ഫലംകൊണ്ടാണ് വൃക്ഷത്തെ തിരിച്ചറിയുന്നതെന്നും, നല്ല വൃക്ഷം നല്ല ഫലം കായ്ക്കുന്നു എന്നും ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു എന്നും നല്ല വൃക്ഷത്തിനു ആകാത്ത ഫലവും, ആകാത്ത വൃക്ഷത്തിനു നല്ല ഫലവും കായ്ക്കാൻ കഴിയുകയില്ലെന്നും ക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്.

മാന്യസ്നേഹിതാ, സുവിശേഷ സംബന്ധമായി യേശുക്രിസ്തുവും അപ്പൊസ്തലന്മാരും വളരെ തെളിവായി പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ അടിസ്ഥാനമാക്കിയുള്ളതും, വ്യക്തിതാല്പര്യവും വിഭാഗീയചിന്തയും കൂടാതെയുള്ളതും, വചനംമാത്രം പ്രമാണമാക്കിയുള്ളതുമായ നിർമ്മല സുവിശേഷ മാണ് ഈ ചെറുഗ്രന്ഥത്തിലൂടെ താങ്കൾക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ വിശ്വാസത്തെ ശോധന ചെയ്വാനും വചനാനുസൃതമായ തിരുത്തലുകൾക്കു വിധേയനായിത്തീർന്ന് ക്രിസ്തുയേശുവിലുള്ള നിത്യജീവൻ അവകാശമാക്കുവാനും താങ്കളെ ആഹ്വാനം ചെയ്തുകൊള്ളുന്നു. തിരുവെഴുത്തിലെ സുവിശേഷസംബന്ധമായുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെകാണുന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

**K.K. JOHNSON**

Karanjikudiyil, Poomala P.O., Thrissur

Kerala - 680 581. Phone: 9961652341